# 28

# ഉണരുവാ-നുള്ള ദൈവത്തിന്റെ വിളി

## വെളിപ്പാട് 8:2, 6-13

ആയുധ സേനയിൽ ജോലി ചെയ്തിട്ടുള്ളവർ തങ്ങൾക്കിഷ്ടപ്പെടാത്തത് പ്രഭാതഭേരിയാണെന്നാണ് അവർ പറയുന്നത്: പ്രഭാതം പൊട്ടി വിടരുന്ന തിനു മുൻപ് അവരെ വിളിച്ചുണർത്തുന്ന കാഹളനാദം അവരുടെ ഉറക്കം കെടുത്തുന്നതാണ്. ദൈവത്തിന്റെ ഉണരു-വാനുള്ള വിളിയാണ് ഈ പാഠം. സൈന്യത്തിലുള്ളവർക്ക് ഉണരുവാനുള്ള കാഹളനാദം ഇഷ്ടപ്പെടാത്തതുപോലെ ആളുകൾക്ക് ദൈവം ഉണരുവാനായി നടത്തുന്ന വിളിയും ഇഷ്ടമല്ല. "ഉണരു-ഉണരു-പ്രഭാതമായി-ഉണരു-പെട്ടെന്ന്-ഉണരു."

നമ്മുടെ കഴിഞ്ഞ പാഠത്തിൽ ഏഴ് ദൂതന്മാരെ ഏഴ് കാഹളത്തോടുകൂടി നാം കാണുകയുണ്ടായി:

> അപ്പോൾ ദൈവസന്നിധിയിൽ ഏഴ് ദൂതന്മാർ നിൽക്കുന്നതു ഞാൻ കണ്ടു; അവർക്ക് ഏഴ് കാഹളം ലഭിച്ചു.
>
> ഏഴ് കാഹളമുള്ള ദൂതന്മാർ ഏഴുവരും കാഹളം ഊതുവാൻ[1] ഒരുങ്ങിനി ന്നു (8:2, 6). (ഈ പാഠത്തിന്റെ അവസാനം വരുന്ന "ഒരു ദൂതൻ കാഹളം ഊതുന്നു" എന്ന ചിത്രീകരണം നോക്കുക.)

ഏഴ് പ്രധാനദൂതന്മാർ ദൈവസന്നിധിയിൽ നിൽക്കുന്നു എന്ന് ദൈവശ്വാസിയമല്ലാത്ത യെഹൂദ അപോകാലിപ്സ് ഭാഷ പറയുന്നു[2] അത് വാക്യം 2-ൽ ദൈവശ്വാസിയമല്ലാത്ത പാരമ്പര്യമടങ്ങിയിരിക്കുന്നു എന്ന് ചില വ്യാഖ്യാതാക്കളെ പറയുവാൻ പ്രേരിപ്പിച്ചിട്ടുണ്ട്.[3] എങ്ങനെയായാലും, "ഏഴ്" എന്നതും "ദൈവമുമ്പിൽ"[4] എന്നതും വെളിപ്പാടിൽ അടിക്കടി വരുന്നതുകൊണ്ട്, "ഏഴ് ദൂതന്മാർ ദൈവസന്നിധിയിൽ നിൽക്കുന്നു" എന്നതിന് പ്രത്യേക പ്രാധാന്യമൊന്നും ഇല്ലായിരിക്കാം. ഏഴ് കാഹളം ഊതുവാൻ ഏഴ് ദൂതന്മാർ ആവശ്യമായിരുന്നു, അവർ ലഭ്യവുമായിരുന്നു. ഊന്നൽ ദൂതന്മാർക്കായിരുന്നില്ല, കാഹളങ്ങൾക്കായിരുന്നു.

### തന്റെ കരുതൽ നിമിത്തമാണ് - ദൈവം ആളുകളെ ഉണർത്തുവാനാഗ്രഹിച്ചത്

സീനായ് പർവ്വതത്തിൽവെച്ച് ന്യായപ്രമാണം കൊടുത്തപ്പോൾ, ആളുകൾ കാഹളധ്വനി കേട്ടു (പുറപ്പാട് 19:16-19). ആളുകളെ ഒത്തൊരുമിച്ച് കൂട്ടിവരുത്തുവാനും, മുന്നറിയിക്കുന്നതിനും, പ്രത്യേക സന്ദർഭങ്ങളെ അറിയിക്കുവാനും മോശെ വെള്ളികൊണ്ട് രണ്ട് കാഹളങ്ങളുണ്ടാക്കിയിരുന്നു (സംഖ്യാപുസ്തകം 10:1-10). അവസാനം, പ്രാധാന്യമേറിയ കർത്താവിന്റെ മഹാദിവസം വരുന്നു

എന്നറിയിക്കുന്ന കാഹളധ്വനി കേട്ടു - ന്യായവിധിക്കായുള്ള കർത്താവിന്റെ വരവ് (യെശയ്യാവ് 27:13; യോവേൽ 2:1; സെഫന്യാവ് 1:16; സെഖര്യാവ് 9:14; മത്തായി 24:31). കർത്താവിന്റെ അവസാന ദിവസം എന്ന് കേൾക്കുമ്പോൾ എന്റെ മനസിലേക്ക് വരുന്നത് "അവസാന കാഹളമാണ്" (1 കൊരിന്ത്യർ 15:52; [കെജെവി]; 1 തെസലൊനിക്യർ 4:16).

കാഹളത്തിന്റെ അടിസ്ഥാനപരമായ ഉദ്ദേശം ശ്രദ്ധ ആകർഷിക്കുകയായിരുന്നു.[5] വെളിപ്പാട് 8 മുതൽ 11 വരെ, കാഹളങ്ങൾ രണ്ട് ഉദ്ദേശങ്ങളാണ് നിറവേറ്റിയത്: ആദ്യത്തേത് ദൈവജനത്തോട് *വിജയം അറിയിക്കുവാൻ*. വിശുദ്ധന്മാരുടെ പ്രാർത്ഥനക്കു മറുപടിയായിട്ടാണ് കാഹളം ഊതിയത്, അതിനെ തുടർന്നാണ് ഭൂമിയിലേക്ക് തീ എറിഞ്ഞത് (8:3, 5). ഏഴ് മുദ്രകൾ ക്രിസ്ത്യാനികളെയും അ-ക്രൈസ്തവരേയുമാണ് ബാധിച്ചതെങ്കിൽ (ഉദാഹരണത്തിന്, 6:9-11 നോക്കുക), കാഹളങ്ങളുടെ പ്രവൃത്തി "ഭൂമിമേലായിരുന്നു" (8:5-7) - അതായത്, "നെറ്റിയിൽ മുദ്രയിടാത്തവരുടെമേൽ മാത്രമായിരുന്നു" (9:4). ഒന്നാം-നൂറ്റാണ്ടിലെ വായനക്കാർ ഏഴ് കാഹങ്ങളെ കുറിച്ച് വായിച്ചപ്പോൾ, അവരുടെ മനസിലേക്ക് വന്നത് ഒരുപക്ഷെ യെരീഹോവിൽവെച്ചുണ്ടായ വിജയമായിരിക്കാം (യോശുവാ 6:4, 5, 20).

*അനുതപിക്കാത്തവരെ മുന്നറിയിക്കുക* എന്നതായിരുന്നു വെളിപ്പാട് 8 മുതൽ 11 വരെയുള്ള ഭാഗത്തെ കാഹളം ഊതുന്നതിന്റെ രണ്ടാമത്തെ ഉദ്ദേശം. മുന്നറിയിപ്പിനായി കാഹളം ഊതുന്ന ബൈബിൾ ഉദാഹരണമാണ് യെഹെസ്ക്കേൽ 33. ബൈബിൾ കാലത്ത് പട്ടണങ്ങളുടെ മതിൽ കാക്കുവാൻ കാവൽക്കാർ ഉണ്ടായിരുന്നു. ശത്രു സമീപിക്കുന്നത് കാവൽക്കാരൻ കണ്ടാലുടനെ അവൻ കാഹളം ഊതി അകത്തുള്ളവരെ അറിയിക്കും. കാവൽക്കാരൻ കാഹളം ഊതിയിട്ട് ജനങ്ങൾ അവഗണിച്ചാൽ, അവരുടെ രക്തം അവരുടെ തലയിൽ തന്നെ ഇരിക്കും. നേരെ മറിച്ച് കാവൽക്കാരൻ കാഹളം ഊതുന്നതിൽ വീഴ്ച്ച വരുത്തിയാൽ, അവരുടെ മരണത്തിന് ഉത്തരവാദി അവനായിരിക്കുമെന്ന് ദൈവം അരുളിച്ചെയ്തിരിക്കുന്നു (യെഹെസ്ക്കേൽ 33:1-6).[6]

വെളിപ്പാട് 8 മുതൽ 11 വരെയുള്ള ഭാഗത്തെ കാഹളം ഊതുന്നതിന്റെ മുഖ്യ ഉദ്ദേശങ്ങളിലൊന്ന് മുന്നറിയിക്കുന്നതിനാണെന്ന് ഞാൻ പറയുവാൻ കാരണമെന്താണ്?[7] ഒന്നാമത് അത് പ്രവൃത്തികളുടെ ഉദ്ദേശം വ്യക്തമാക്കുന്നതാണ് 8:7-12 വരെയുള്ള ഭാഗത്ത് മൂന്നാമത്തെ എന്ന പ്രയോഗം പന്ത്രണ്ട് പ്രാവശ്യം വരുന്നത് ശ്രദ്ധിക്കുക (9:15, 18 നോക്കുക). വെളിപ്പാടിലെ ഛേദിക്കൽ "മുഴുവനല്ല ഭാഗമാണ്"[8]എന്നു വ്യക്തമാക്കുന്നതാണ്. ഹോമർ ഹെയിലി നിരീക്ഷിച്ചു, "മൂന്നാം ഭാഗം പറയുന്നത് ഒരു വലിയ ഭാഗത്തെയാണ്, എന്നാൽ മുഴുവൻ നാശത്തെയുമല്ല, ജീവിതം അപ്പോഴും സാധ്യമാണെന്ന് വരുന്നു"[9] ന്യായവിധി ഭാഗികമാകയാൽ, ശിക്ഷ മാത്രമായിരുന്നില്ല ഉദ്ദേശം എന്ന് സ്പഷ്ടം. രണ്ടാമത്, ദൈവശ്വാസിയപരാമർശമുന്നറിയിപ്പിനെതുടർന്ന് ആറാമത്തെ കാഹളത്തിന്റെ പ്രവൃത്തിയുമാരംഭിച്ചു:

> ഈ ബാധകളാൽ നശിച്ചുപോകാത്ത ശേഷം മനുഷ്യരോ ദുർഭൂതങ്ങളെയും കാൺമാനും, കേൾപ്പാനും, നടപ്പാനും വഹിയാത്ത പൊന്ന്, വെള്ളി, ചെമ്പ്, കല്ല്, മരം ഇവ കൊണ്ടുള്ള ബിംബങ്ങളേയും നമസ്ക്കരി

ക്കാതവണ്ണം തങ്ങളുടെ കൈപ്പണി വിട്ടു *മാനസാന്തരപ്പെട്ടില്ല*. തങ്ങളുടെ കുലപാതകം, ക്ഷുദ്രം, ദുർന്നടപ്പ്, മോഷണം എന്നിവ വിട്ടു *മാനസാന്തരപ്പെട്ടില്ല* (9:20, 21; എംഫസിസ് മൈൻ).

അഭക്തർ മാനസാന്തരപ്പെടേണ്ടതിനുകൂടെയായിരുന്നു കാഹളം ഊതിയത് എന്നു വ്യക്തമാക്കുന്നതായിരുന്നു "മാനസാന്തരപ്പെട്ടില്ല" എന്നതിന് ഊന്നൽ കൊടുത്തിരിക്കുന്നത്. ജോർജ് ലാഡ് തീർച്ചപ്പെടുത്തിയത്, "കൂടുതൽ താമസിപ്പിക്കാതെ, പരുഷമായ അനുഭവത്താൽ മുട്ടിന്മേൽ നിൽക്കുവാൻ രൂപപ്പെടുത്തിയിട്ടുള്ളതാണ് ദൈവത്തിന്റെ ന്യായവിധി."[10] എന്നാണ്. ദൈവത്തിന്റെ ഉടനെയുള്ള ഉദ്ദേശം നശിപ്പിക്കുകയായിരുന്നില്ല, എന്നാൽ ലക്ഷ്യം അച്ചടക്കമായിരുന്നു. ശിക്ഷയെ കുറിച്ച് അവൻ വിചാരപ്പെട്ടിരുന്നതുപോലെ തന്നെ അവൻ അനുതാപത്തെ കുറിച്ചും ചിന്തിച്ചിരുന്നു. ജീ. ബി. കെയിഡ് എഴുതി,

> മനുഷ്യരുടെ പാപത്തിനുള്ള ശിക്ഷയാണ്, [കാഹളനാദശേഷമുള്ള ബാധകൾ], അല്ലാതെ അത് അന്തിമവിധിയല്ല. അവ മനുഷ്യർ മാനസാന്തരപ്പെടുവാനുദ്ദേശിച്ചുള്ളതാണ്. ഏഴാമത്തെ ദൂതൻ കാഹളമൂതി പ്രഖ്യാപിക്കുന്നത് ദൈവത്തിന്റെ പരമാധികാരത്തെ ഉറപ്പിക്കുകയും എല്ലാ അശുദ്ധമായവയും എന്നേക്കും നീക്കുവാൻ തന്റെ ശക്തി ഉപയോഗിക്കുന്നു എന്നും അതുവരെ മാനസാന്തരത്തിനുള്ള വാതിൽ അടക്കുകയില്ല എന്നുമാണ്. അന്നായിരിക്കും "ഭൂമിയെ നശിപ്പിക്കുന്നവരെ നശിപ്പിക്കൽ" സംഭവിക്കുന്നത് (xi.18) താമസിച്ചുപോയാൽ, പിന്നെ സ്വഭാവത്തിന് മാറ്റം വരുത്തുവാൻ സാധ്യമല്ല ... (xiii.11), എന്നാൽ അതുവരെ സ്വർഗീയ മുന്നറിയിപ്പ് നാദം നിർത്താതെ മുഴക്കിക്കൊണ്ടിരിക്കും.[11]

ക്രിസ്ത്യാനികളെ ഉപദ്രവിച്ചവരുടെ സ്വഭാവത്തെ കുറിച്ച് ഞാൻ ചിന്തിച്ചപ്പോൾ, അവർക്ക് ദൈവം മാനസാന്തരപ്പെടുവാൻ അവസരം കൊടുത്തതിൽ ഞാൻ അത്ഭുതപ്പെടുന്നു. എങ്ങനെയായാലും, ദുരുപദേഷ്ടാവായിരുന്ന ഇസബേലിനും ദൈവം "മാനസാന്തരപ്പെടുവാൻ" സമയം കൊടുത്തു എന്ന് നാം മുൻപ് കാണുകയുണ്ടായി (2:21). കോപിക്കുവാൻ താമസിക്കുന്നതിന്റെ അർത്ഥമെന്തെന്ന് നമ്മുടെ ദൈവം നമ്മെ തുടർച്ചയായി ബോധ്യപ്പെടുത്തിക്കൊണ്ടിരിക്കയാണ് (യാക്കൊബ് 1:19; കെജെവി). നമ്മോട് ക്ഷമ കാണിക്കുന്ന ദൈവത്തെ നമുക്ക് സ്തുതിക്കാം! (റോമർ 2:4; 9:22; 1 തിമൊഥെയൊസ് 1:16; 1 പത്രൊസ് 3:20; 2 പത്രൊസ് 3:9, 15).

കാഹളങ്ങളെ കുറിച്ചുള്ള പാഠത്തിൽ, കാഹളങ്ങൾ മുന്നറിയിക്കുന്നതിനായിരുന്നു എന്ന് ഞാൻ ഊന്നൽ കൊടുക്കും. എന്റെ പ്രദേശത്ത് ആളുകളെ റേഡിയോ, ടെലിവിഷൻ, ഉച്ചഭാഷിണി എന്നിവയാലാണ് മുന്നറിയിക്കുന്നത്. ലോകത്തിൽ ചില ഭാഗത്ത് മണി അടിച്ചാണ് ആളുകളെ മുന്നറിയിക്കുന്നത്. വേറെ സ്ഥലങ്ങളിൽ പുരുഷന്മാർ വീഥികളിലൂടെ ഉച്ചത്തിൽ വിളിച്ചുപറഞ്ഞാണ് മുന്നറിയിക്കുന്നത്. യോഹന്നാന്റെ ദർശനത്തിൽ ആളുകളെ മുന്നറിയിച്ചത് കാഹളം ഊതിക്കൊണ്ടായിരുന്നു.[12]

## ദൈവം മനുഷ്യരെ വീണ്ടും - വീണ്ടും ഉണർത്തുവാൻ ആഗ്രഹിക്കുന്നു (8:7-12)

ഈ പാഠത്തിൽ, നാം ആദ്യത്തെ നാല് കാഹളങ്ങളെ കുറിച്ചാണ് പഠിക്കുന്നത്. ശേഷിച്ച മൂന്നു കാഹളങ്ങളെ കുറിച്ച് നാം അടുത്ത പാഠത്തിൽ പഠിക്കും.

ആദ്യത്തെ നാല് കാഹളങ്ങളും അടുത്ത ബന്ധമുള്ളവയായിരുന്നു (ആദ്യത്തെ നാല് മുദ്രകളെ പോലെ): ആദ്യത്തെ നാല് കാഹളങ്ങൾ മനുഷ്യരെ പരോക്ഷമായിട്ടായിരുന്നു സ്പർശിച്ചിരുന്നത് - അതിനു വിപരീതമായി അവസാനത്തെ മൂന്ന് കാഹളങ്ങൾ മനുഷ്യരെ നേരിട്ട് ബാധിക്കയായിരുന്നു. (9:3, 4 നോക്കുക). കൂടാതെ, ആദ്യത്തെ നാല് കാഹളങ്ങൾ ഓരോന്നും സ്വാഭാവിക ലോകത്തിലെ ചില ഭാഗങ്ങൾ നശിപ്പിച്ചു. അക്കാലത്ത് മനുഷ്യർ പ്രപഞ്ചത്തെ നാലായി തിരിച്ചിരുന്നു: കര, കടൽ, ജലാശയങ്ങൾ, ജ്യോതിർഗോളം.[13] ആദ്യത്തെ നാല് കാഹളങ്ങൾ ഊതിയപ്പോൾ, ആ നാല് ഭാഗങ്ങളെയും ബാധിച്ചു.

ആ നശീകരണ ശക്തികൾ ഭൂമിയിൽ വരുത്തിയ ബാധകൾ നമ്മെ ഓർപ്പിക്കുന്നത്, മിസ്രയിമിൽ ദൈവം അയച്ച ബാധകളെയാണ് - പ്രത്യേകിച്ച് ആദ്യത്തേതും (വെള്ളം രക്തമായി മാറിയത്), ഏഴാമത്തേതും (ഇടിയും കൽമഴയും), ഒമ്പതാമത്തേതും (ദേശമൊക്കെയും കൂരിരുട്ട്) (പുറപ്പാട് 7:20, 21; 9:23–25; 10:21–23).[14] അത് തീർച്ചയായും ആകസ്മികമായിരുന്നില്ല. ദൈവജനവും സമൂഹവും തമ്മിലുള്ള ആദ്യത്തെ പോരാട്ടമായിരുന്നു മിസ്രയിമിലേത്, നന്മയും തിന്മയും തമ്മിലുള്ള സംഘർഷത്തിന്റെ ആദ്യമാതൃകയായിരുന്നു മിസ്രയിം (വെളിപ്പാട് 11:8 നോക്കുക.)[15]

പത്തു ബാധകൾ അയച്ചതിന്റയും ഏഴ് കാഹളങ്ങൾ ഊതിയതിന്റേയും ഉദ്ദേശ സമാനത എടുത്തുകാണിക്കാവുന്നതാണ്: ഒരർത്ഥത്തിൽ, യിസ്രായേലിനോട് മോശമായി പെരുമാറിയതുകൊണ്ടാണ് മിസ്രയിമിലേക്ക് ദൈവം ബാധകളയച്ചത്, എന്നാൽ പ്രാഥമികമായ ഉദ്ദേശം ഫറവോൻ ദൈവജനത്തെ വിട്ടയക്കേണ്ടതിനായിരുന്നു. യൂജീൻ പീറ്റേഴ്സൺ എഴുതി, "പുറപ്പാടിലെ ബാധകൾ ശിക്ഷിക്കുന്നതായിരുന്നില്ല, മറിച്ച് ശുദ്ധീകരിക്കുന്നതിനായിരുന്നു. അതയച്ചത്, വെറുതെ ഫറവോനെ കുഴപ്പിക്കുന്നതിനായിരുന്നില്ല, പിന്നെയോ, അവന്റെ മനസ് മാറ്റി, മാനസാന്തരപ്പെടുവാനായിരുന്നു."[16] കാഹളങ്ങൾ പാപികളെ അനുതാപത്തിലേക്ക് നയിക്കുന്നതിനായിരുന്നു.[17]

### ഒന്നാമത്തെ കാഹളം: ഭൂമിയിൽ വിപത്ത് (വാ. 7)

ഒന്നാമത്തെ കാഹളം ഊതിയപ്പോൾ എന്തു സംഭവിച്ചു എന്ന് വാക്യം 7 പറയുന്നു:

> ഒന്നാമത്തവൻ ഊതി, അപ്പോൾ രക്തം കലർന്ന കൽമഴയും തീയും[18] ഭൂമിമേൽ ചൊരിഞ്ഞിട്ട് ഭൂമിയിൽ മൂന്നിലൊന്നു വെന്തുപോയി, വൃക്ഷങ്ങളിൽ മൂന്നിലൊന്നു വെന്തുപോയി, എല്ലാ പച്ചപ്പുല്ലും വെന്തുപോയി (വാ. 7). (ഈ പാഠത്തിന്റെ അവസാനം വരുന്ന "ഒന്നാമത്തെ കാഹളം ഊതുന്നു" എന്ന ചിത്രീകരണം നോക്കുക.)

അത് നമ്മെ ഏഴാമത്തെ ബാധ ഓർപ്പിക്കുന്നു:

> യഹോവ ... ഇടിയും കൽമഴയും അയച്ചു. തീ ഭൂമിയിലേക്ക് പാഞ്ഞിറങ്ങി ... മിസ്രയിം ദേശത്തിന്മാൽ കന്മഴ പെയ്യിച്ചു. ഇങ്ങനെ കൽമഴയും കൽമഴയോടുകൂടെ വിടാതെ ഇറങ്ങുന്ന തീയും അതി കഠിനമായിരുന്നു. മിസ്രയിം ദേശത്ത് എല്ലായിടവും മനുഷ്യരേയും മൃഗങ്ങളേയും വയലിൽ ഇരുന്ന സകലത്തെയും കൽമഴ സംഹരിച്ചു ... കൽമഴ വയലിലുള്ള സകല സസ്യത്തേയും നശിപ്പിച്ചു. പറമ്പിലെ വൃക്ഷത്തെ ഒക്കെയും തകർത്തുകളഞ്ഞു (പുറപ്പാട് 9:23-25).[19]

“തുടർച്ചയായ കൽമഴയുടെ ഇടക്ക് തീ മിന്നിയത്” ഒരുപക്ഷെ മിന്നലായിരിക്കും.

പുറപ്പാടിലെ ഏഴാമത്തെ ബാധയിലും, വെളിപ്പാടിലെ ഒന്നാമത്തെ കാഹളത്തിലും പൊതുവായ ചിലത് ഉണ്ട്: രണ്ടിനിടയിലും ഭൂമിയിൽ കൽമഴയും തീയും വീണു, വൃക്ഷങ്ങളേയും, പുല്ലിനേയും, എല്ലാ സസ്യങ്ങളേയും നശിപ്പിച്ചു. ഏഴാമത്തെ ബാധ മിസ്രയിമിന്റെ സമ്പദ് വ്യവസ്ഥയെ പ്രതികൂലമായി ബാധിച്ചു, ഒന്നാം കാഹളം ഊതിയപ്പോഴും അത് തന്നെയാണ് സംഭവിച്ചത്. വെളിപ്പാടിൽ പറഞ്ഞിരിക്കുന്ന വൃക്ഷങ്ങളിൽ തീർച്ചയായും ഫലവൃക്ഷങ്ങളും ഉൾപ്പെടും.[20] വിളവുകളായ ധാന്യങ്ങളും മുന്തിരിങ്ങയും വെന്തുപോയി. പച്ചപ്പുല്ലും വെന്തുപോയതിനാൽ മാംസം, പാൽ, കമ്പിളി എന്നിവയുടെ ഉൽപാദനത്തെയും പ്രതികൂലമായി ബാധിച്ചിരിക്കാം.

എങ്ങനെയായാലും, ഏഴാമത്തെ ബാധയും ഒന്നാമത്തെ കാഹളവും തമ്മിൽ വ്യത്യാസങ്ങളുമുണ്ടായിരുന്നു. ഒന്നാമത്തെ കാഹളം ഊതിയപ്പോൾ, തീയും കൽമഴയും വീണതിലധികം വീഴുകയുണ്ടായി. അത് “*രക്തത്തോടുകൂടിയ്*” തീയും കൽമഴയുമായിരുന്നു (എംഫസിസ് മൈൻ). സഹാറാ മരുഭൂമിയിലെ ചുവന്ന മണൽത്തരികൾ കാറ്റിലുയർന്ന് മഴയുമായി ചേർന്ന് പെയ്തിട്ടുണ്ട് എന്ന അസ്പഷ്ടമായ ചരിത്രവസ്തുതകൾ വ്യാഖ്യാതാക്കൾ പറഞ്ഞിട്ടുണ്ട്. അവർ കരുതുന്നത് ആ പ്രതിഭാസം വെളിപ്പാട് 8:7-ൽ പ്രതിഫലിച്ചിരിക്കാമെന്നാണ്. തെക്കുപടിഞ്ഞാറെ ഓക്ലഹോമയിൽ വളർന്നവർ ഒരിക്കലും അത്തരം ചരിത്രപരമായ “ചുവന്ന മഴയിൽ” വിശ്വസിക്കയില്ല. ചുഴലിക്കാറ്റിൽ മണ്ണ് പൊങ്ങി കാറ്റും മഴയുമായി പെയ്യുന്നത് ഞങ്ങൾ കണ്ടിട്ടുണ്ട്. ഞങ്ങൾ കണ്ടിട്ടി*ല്ലാ*ത്തത് *രക്തം* പെയ്യുന്നതാണ്. ചുവന്ന മണലോടുകൂടിയ മഴ യോഹന്നാൻ കണ്ടില്ല; ചുവന്ന മണ്ണ് ആകാശത്ത് നിന്ന് വീഴുന്നത് അവൻ കണ്ടില്ല; ആകാശത്തുനിന്ന് *രക്തം* പെയ്യുന്നതാണ് അവൻ കണ്ടത്. നിങ്ങൾ തുറസായ ഒരു സ്ഥലത്ത് നിൽക്കുമ്പോൾ, നിങ്ങൾക്ക് ചുറ്റും വലിയ കൽമഴ പെയ്യുകയും, മിന്നലുണ്ടാകയും, നിങ്ങളുടെ മുഖത്തേക്ക് ചുടുരക്തം വന്നു പതിക്കയും ചെയ്യുന്നത് ഊഹിക്കുക. *അതാണ്* ഭയപ്പെടുത്തുന്ന ദൈവശ്വാസിയ ചിത്രം.

ഏഴാമത്തെ ബാധയും ഒന്നാമത്തെ കാഹളവും തമ്മിലുള്ള ഏറ്റവും പ്രധാനപ്പെട്ട വ്യത്യാസം എന്തെന്നാൽ, ഏഴാമത്തെ ബാധ ബാധിച്ചത്, “*എല്ലാ* ദേശത്തെയും വയലിലുള്ള *സകലത്തേയും*” ആയിരുന്നു (പുറപ്പാട് 9:25), എന്നാൽ ഒന്നാമത്തെ കാഹളം ബാധിച്ചത് ഭൂമിയിൽ മൂന്നി-ലൊന്നിനെയാണ്; മൂന്നി-ലൊന്ന് സസ്യങ്ങൾ വെന്തുപോയി.[21] ഇവ ഭാഗികമായ ന്യായവിധി മാത്രമാണെന്ന് ഓർക്കുക. “ദൈവക്രോധം പ്രദർശിപ്പിച്ചതിൽ കരുണയുടെ പ്രത്യാശയും നിഴലി [ച്ചിരുന്നു].”[22]

**രണ്ടാമത്തെ കാഹളം:**
**കടലിന്മേലുള്ള വിപത്ത് (വാ. 8, 9)**

> രണ്ടാമത്തെ ദൂതൻ ഊതി, അപ്പോൾ തീകത്തുന്ന മലപോലെ ഒന്ന് സമുദ്രത്തിലേക്ക്[23] എറിഞ്ഞിട്ട്, കടലിൽ മൂന്നിലൊന്ന് രക്തമായിത്തീർന്നു. സമുദ്രത്തിൽ പ്രാണനുള്ള സൃഷ്ടികളിൽ മൂന്നിലൊന്ന് ചത്തുപോയി. കപ്പലുകളിലും മൂന്നിലൊന്ന് ചേതം വന്നു (വാ. 8, 9). (ഈ പാഠത്തിന്റെ അവസാനം വരുന്ന "രണ്ടാമത്തെ കാഹളം ഊതി" എന്ന ചിത്രീകരണം നോക്കുക.)

കത്തുന്ന മല വ്യാഖ്യാതാക്കൾക്ക് ഹരമായി തീർന്നിട്ടുണ്ട്. പഴയ നിയമത്തിൽ ബാബേലിനെ നശിപ്പിക്കുവാനായി ഇതേ ഭാവന ഉപയോഗിച്ചിട്ടുള്ളതായി അവർ നിരീക്ഷിക്കുന്നു (യിരെമ്യാവ് 51:24, 25). വെസൂവിയസ് വിസ്ഫോടനമാകാം ആ അലങ്കാരത്തിന്റെ പിന്നിലെന്ന് ചിലർ കരുതുന്നു, അത് കുറച്ച് വർഷം മുമ്പുണ്ടായതും, അതിനാൽ, പോംപേയിയെ മൂടുകയും നേപ്പിൾസ്[24] ഉൾക്കടൽ മാറ്റപ്പെടുകയും ചെയ്തിരുന്നു, എന്നാൽ വേറെ ചിലർ വിചാരിക്കുന്നത്, യോഹന്നാൻ പത്മൊസ് ദ്വീപിൽനിന്ന് അധികം ദൂരെയല്ലാത്ത ഒരു വിസ്ഫോടനമാണ് കണ്ടതെന്നാണ്.[25] എങ്ങനെയായാലും, "തീകത്തുന്ന വലിയ മല കടലിലേക്ക് എറിഞ്ഞതായി" യോഹന്നാൻ കണ്ടില്ല. മറിച്ച്, താൻ കണ്ടത് "മല *പോലെയുള്ള* ഒന്നാണെന്നാണ്" യോഹന്നാൻ പറഞ്ഞത് (എംഫസിസ് മൈൻ) ബാർക്ലേയുടെ തർജിമയിൽ "കത്തിക്കൊണ്ടിരിക്കുന്ന മലയെന്നു *വിളിക്കുവാനേ* എനിക്ക് കഴിഞ്ഞുള്ളു"[26] എന്നാണ്. യോഹന്നാൻ കണ്ടതെന്താണെന്ന് നമുക്ക് തീർച്ചയില്ല, പക്ഷെ അത് കാര്യമല്ല. നാ ടകത്തിനുള്ള ഒരു വലിയ വേദി[27] ആത്മാവ് ഒരുക്കുന്നതിനായിരുന്നു "വലിയ മലപോലെയുള്ള ഒന്ന്" ഉപയോഗിച്ചത്.

മലക്കായിരുന്നില്ല പ്രാധാന്യം, മറിച്ച്, അത് ചെന്ന് പതിച്ച കടലിനുണ്ടായ മാറ്റത്തിനാണ് പ്രാധാന്യം.[28] "കടലിൽ മൂന്നിലൊന്ന് രക്തമായി തീരുകയും, കടലിലെ മൂന്നിലൊന്ന് ജീവികൾ ചത്തുപോകയും, മൂന്നിലൊന്നു കപ്പലുകളും ചേതം വരികയും ചെയ്തു." ഇത് നമ്മെ ഒന്നാമത്തെ ബാധ ഓർപ്പിക്കുന്നു: "മോശെ ... തന്റെ വടികൊണ്ട് നൈൽ നദിയിൽ അടിച്ചപ്പോൾ ... നൈൽനദി രക്തമായിതീരുകയും, അതിലെ മൽസ്യമൊക്കെ ചാകുകയും ചെയ്തു ..." (പുറപ്പാട് 7:20, 21).

പുതിയനിയമ കാലത്ത്, ആളുകളധികവും അവരുടെ ഉപജീവനത്തിന് കടലിനെയാണ് ആശ്രയിച്ചിരുന്നത്. ജനസംഖ്യയിൽ ഭൂരിഭാഗവും കടൽത്തീരങ്ങളിലായിരുന്നു പാർത്തിരുന്നത്. ദേശങ്ങൾ അവരുടെ വ്യാപാരത്തിന് കടലിനെയാണ് ആശ്രയിച്ചിരുന്നത്. ആഹാരത്തിനുള്ള മുഖ്യ ഉറവിടം മൽസ്യവ്യവസായമായിരുന്നു. കടലിലെ മൂന്നിലൊന്ന് മൽസ്യം ചാകുകയും മൂന്നിലൊന്ന് കപ്പലുകൾ ചേതപ്പെടുകയും ചെയ്യുന്നത് ലോകത്തെ മുഴുവനും ബാധിക്കുമായിരുന്നു. ഒന്നാം നൂറ്റാണ്ടിലുണ്ടായിരുന്നവർ അന്നു കടലിനെ ആശ്രയിച്ചിരുന്നതുപോലെ നാം അത്രയധികം ആശ്രയിക്കുന്നില്ല, എന്നാൽ ഇന്നായാലും, കടലിലെ മൂന്നി-ലൊന്ന് ജീവികൾ ചത്തുപോകയും, മൂന്നി-ലൊന്ന് കപ്പലുകൾ മുങ്ങിപ്പോകയും[29] ചെയ്താൽ അതൊരു ദാരുണസംഭവം തന്നെയായിരിക്കും.[30]

പിന്നീട്, കലശം പകർന്നപ്പോൾ ഒരു ദൂതൻ പറഞ്ഞത്, "വിശുദ്ധന്മാരുടേയും പ്രവാചകന്മാരുടേയും രക്തം ചിന്തിയവർക്ക്" രക്തമായി മാറ്റുന്നത് യോജിച്ചതായ ന്യായവിധി ആണെന്നാണ് (16:6). "മനുഷ്യൻ വിതെക്കുന്നതു തന്നെ കൊയ്യും" (ഗലാത്യർ 6:7).

**മൂന്നാമത്തെ കാഹളം:**
**കരയിലെ വെള്ളത്തിന്മേലുള്ള ആപത്ത് (വാ. 10, 11)**

രണ്ടാമത്തെ കാഹളം *കടലിലുള്ള* വെള്ളത്തെയാണ് ബാധിച്ചത്, എന്നാൽ മൂന്നാമത്തേത് ബാധിച്ചത് *കരയിലെ* വെള്ളത്തിന്മേലായിരുന്നു:

> മൂന്നാമത്തെ ദൂതൻ ഊതി, അപ്പോൾ ദീപം പോലെ ജ്വലിക്കുന്ന ഒരു മഹാ നക്ഷത്രം ആകാശത്ത് നിന്നു[31] വീണു. നദികളിൽ മൂന്നിലൊന്നിന്മേലും, നീരുറവകളിന്മേലുമായിരുന്നു വീണത്. ആ നക്ഷത്രത്തിന് കാഞ്ഞിരം എന്നുപേർ. വെള്ളത്തിൽ മൂന്നിലൊന്ന് കാഞ്ഞിരം പോലെയായി. വെള്ളം കൈപ്പായതിനാൽ മനുഷ്യരിൽ പലരും[32] മരിച്ചുപോയി (വാ. 10, 11). (ഈ പാഠത്തിന്റെ അവസാനം വരുന്ന "മൂന്നാമത്തെ കാഹളം ഊതി" എന്ന ചിത്രീകരണം നോക്കുക.)

ഒരിക്കൽ കൂടെ, വ്യാഖ്യാതാക്കൾ നിസാരമായവയെ സാരമായി കാണുന്നതുകൊണ്ട് "മഹാ നക്ഷത്രം" എന്നതു വ്യാഖ്യാനിക്കുവാൻ അവർ വിഷമിച്ചു: ഒരാൾ ചൂണ്ടിക്കാണിച്ചത്, പഴയനിയമത്തിൽ ബാബേൽ രാജാവിന്റെ പതനത്തെ കുറിച്ച് പറഞ്ഞപ്പോഴും ഇതേ വാക്ക് ഉപയോഗിച്ചിരിക്കുന്നു എന്നാണ് (യെശയ്യാവ് 14:4, 12[33]). വേറൊരു നിഗമനം എന്തെന്നാൽ, *ആത്മീയ* ബാബേലിന്റെ[34] രാജാവ് ഡൊമീഷ്യനാണ് - അതുകൊണ്ട് നക്ഷത്രം ഡൊമീഷ്യനാണെന്നാണ്. വേറൊരു തിരിച്ചറിയൽ എന്തെന്നാൽ ചരിത്രത്തിലെ അടുത്തകാലത്തുണ്ടായ നായകൻ[35] എന്നാണ്. ഇതേ നക്ഷത്രം തന്നെയാണ് അടുത്ത അദ്ധ്യായത്തിൽ പറയുന്നത്, അതുകൊണ്ട്, നക്ഷത്രം പിശാചാണെന്നാണ്[36] വേറൊരു വാദം. വീണ്ടും, എങ്ങനെയായാലും, നക്ഷത്രം അടിസ്ഥാനപരമായി ഒരു നാടകവേദിയാണ്; നക്ഷത്രം കുടിവെള്ളത്തെ എങ്ങനെ ബാധിച്ചു എന്നതാണ് പ്രധാനം: നക്ഷത്രത്തിന്റെ പേർ കാഞ്ഞിരം; "മൂന്നിലൊന്ന് വെള്ളം കാഞ്ഞിരം പോലെ കൈപ്പുള്ളതായി തീർന്നു; ആ വെള്ളം കൈപ്പുള്ളതായതുകൊണ്ട് മനുഷ്യരിൽ പലരും മരിച്ചുപോയി."[37]

എന്തൊരു ഗാംഭീര്യ-മുള്ള വാക്ക്: "കാഞ്ഞിരം"! മരം പഴകി ചിതലെടുത്ത് വികൃതമായ രൂപമാണ് നമ്മിൽ വരുന്നത്. വാസ്തവത്തിൽ, നാട്ടിൻപുറങ്ങളിലുള്ളവർ കാഞ്ഞിരമരത്തെ കുറിച്ച് അറിവുള്ളവരാണ്. അത് വിവരിക്കുവാൻ-കഴിയാത്ത ഒരു മരം തന്നെയാണ്. ഞാനും എന്റെ ഭാര്യയും ഒരിക്കൽ കെന്റക്കിയിലുള്ള ഒരു ഷേക്കർ ഗ്രാമം സന്ദർശിക്കുകയുണ്ടായി, അവിടെ ഒരു തോട്ടത്തിൽ മിക്കവാറും ഉള്ള വൃക്ഷലതാതികൾ വളർത്തിയിരുന്നു. ഭക്ഷണത്തിന് പാകമായ ഫലവൃക്ഷങ്ങളും അതിൽ ഉൾപ്പെട്ടിരുന്നു. അതുണ്ടാക്കിയവർക്ക് തിരിച്ചറിയാം ഓരോന്നും. ആ തോട്ടത്തിൽ "കാഞ്ഞിരമരവും" ഉണ്ടായിരുന്നു.

*ആർടെമിസിയ അബ്സിന്തിയം* എന്ന ശാസ്ത്രനാമമുള്ള ഒരുതരം വൃക്ഷമായിരുന്നു "കാഞ്ഞിരം,"[38] അത് കൈപ്പുള്ളതാണ്. പാലസ്തീനിൽ

അവ പല തരത്തിലുള്ളവയുണ്ടായിരുന്നു. അനുസരണക്കേടിന്റെ ഫലമായുണ്ടാകുന്ന കൈപ്പിനെ സൂചിപ്പിക്കുന്നതിനായിരുന്നു ആ വൃക്ഷത്തെ ദൈവശ്വാസിയ എഴുത്തുകാർ ഉപയോഗിച്ചിരുന്നത് (ആവർത്തനപുസ്തകം 29:17, 18; സദൃശവാക്യങ്ങൾ 5:4; യിരെമ്യാവ് 9:14, 15; 23:15; വിലാപങ്ങൾ 3:15, 19; ആമോസ് 5:7; 6:12).

കാഞ്ഞിരമരം പൊതുവെ വിഷമുള്ളതല്ല - എന്നാൽ യോഹന്നാന്റെ ദർശനത്തിൽ, അത് വെള്ളം കുടിക്കാൻ പറ്റാത്തതാക്കിയെന്നുമാത്രമല്ല, കുടിച്ചവർ മരിക്കയും ചെയ്തു. അതുകൊണ്ട്, എസ്ഈബി വാക്യം 11 തർജിമ ചെയ്തത്, "ആ നക്ഷത്രത്തിന്റെ പേർ കൈപ്പ്, അത് മൂന്നി-ലൊന്ന് വെള്ളം കൈപ്പുള്ളതാക്കി മാറ്റി. അത് വിഷമായിരുന്നതുകൊണ്ട് മനുഷ്യരിൽ പലരും മരിച്ചുപോയി."[39]

മാലിന്യമില്ലാത്ത കുടിവെള്ളമില്ലാതെ ആളുകൾക്ക് അധികനാൾ ജീവിക്കുവാൻ കഴിയുകയില്ല. കരയിലെ മൂന്നിലൊന്നു ശുദ്ധജലവിതരണത്തെ നശിപ്പിച്ചത് വലിയ നാശം തന്നെയാണ്. അത് ശരിക്ക് മനസിലാക്കുവാൻ ജലപ്രളയത്താലും മറ്റു പ്രകൃതി ദുരന്തത്താലും വെള്ളമെല്ലാം മലിനമായി തീരുന്ന സാഹചര്യം ചിന്തിക്കുക. അങ്ങനെ സംഭവിക്കുമ്പോൾ, പൊതു സംഘടനകളും മറ്റു സാമൂഹ്യപ്രവർത്തകരും ഇരയായവർക്ക് ജലമെത്തിച്ചുകൊടുക്കുവാൻ സഹായിക്കും. അങ്ങനെ ചെയ്തില്ലെങ്കിൽ ആ പ്രദേശങ്ങളെ ആദ്യം രോഗം വിഴുങ്ങും, തുടർന്ന് മരണവും നേരിടും. ഇപ്പോൾ അത്തരം വിപത്ത് ഭൂമിയിൽ മൂന്നിലൊന്ന് ആളുകളെ ബാധിച്ചിരിക്കുകയാണ്! അത്തരം സാഹചര്യം ഉണ്ടാകുമ്പോൾ അത് ഊഹിക്കുവാൻ തന്നെ വിഷമമാണ്.

നമ്മുടെ ജലാശയങ്ങളും, അരുവികളും, ദ്വീപുകളിലെ വെള്ളവും മലിനമായി തീരുമ്പോൾ കുറ്റപ്പെടുത്തുവാൻ പരീക്ഷിക്കപ്പെടും - ചിലപ്പോൾ അത്തരം സംഭവങ്ങൾ ഉടലെടുത്തിരിക്കാം[40] - എന്നാൽ ഈ പാഠം ജലമാലിന്യത്താൽ താൽക്കാലിക കുറ്റപ്പെടുത്തലിനേക്കാൾ വളരെ ദൂര-*വ്യാപകമായ* ഒന്നാണ്.

**നാലാമത്തെ കാഹളം:**
**ആകാശ വിപത്ത് (വാ. 12)**

പൂർവ്വികന്മാർ ഉപയോഗിച്ചിരുന്ന ജ്യോതിർഗോളത്തെയാണ് നാലാമത്തെ കാഹളം ബാധിച്ചത്:

> നാലാമത്തെ ദൂതൻ ഊതി, അപ്പോൾ സൂര്യനിൽ മൂന്നിലൊന്നിനും ചന്ദ്രനിൽ മൂന്നിലൊന്നിനും, നക്ഷത്രങ്ങളിൽ മൂന്നിലൊന്നിനും ബാധ തട്ടി. അവയിൽ മൂന്നിലൊന്ന് ഇരുണ്ടുപോയി. രാവും പകലും മൂന്നിലൊന്ന് വെളിച്ചം ഇല്ലാതെയായി (വാ. 12). (ഈ പാഠത്തിന്റെ അവസാനം വരുന്ന "നാ ലാമത്തെ കാഹളം ഊതി" എന്ന ചിത്രീകരണം നോക്കുക.)

ഒരു പരിധിവരെ ഈ കാഹളം ഏഴാമത്തെ ബാധ പോലെയായിരുന്നു എന്നു പറയാം: "മോശെ തന്റെ കൈ ആകാശത്തേക്ക് നീട്ടി, മിസ്രയിം ദേശത്തൊക്കെയും മൂന്നു ദിവസത്തേക്ക് ഇരുട്ടുണ്ടായി" (പുറപ്പാട് 10:22).

ജ്യോതിർഗോള വിപത്തുകളെ അക്ഷരികമായി എടുക്കുന്നവർക്ക് നാലാമത്തെ കാഹളത്തിൽ[41] ഒരു പ്രശ്നം നേരിടുന്നു: സൂര്യനും, ചന്ദ്രനും,

നക്ഷത്രങ്ങളും മൂന്നിലൊന്ന് ബാധിച്ചത് അക്ഷരികമായി എടുത്താൽ, അവയുടെ പ്രകാശം മൂന്നി-ലൊന്നായി കുറയും, എന്നാൽ നമുക്ക് ഏതാണ്ട് പന്ത്രണ്ട് മണിക്കൂർ ഇരുട്ടിന് ശേഷം (ഇരുട്ടാണെങ്കിലും, പൂർണ്ണമായ ഇരുട്ടായിരിക്കയില്ല), അപ്പോഴും അടുത്ത പന്ത്ര് മണിക്കൂർ (മങ്ങിയ, വെളിച്ചമാണെങ്കിലും) വെളിച്ചം ഉണ്ടായിരിക്കും. അതിനു പകരം, യോഹന്നാന്റെ ദർശനത്തിൽ, ദീർഘനേരം രാവും പകലും ഒട്ടും വെളിച്ചമില്ലാത്ത കൂരിരുട്ടായിരുന്നു.

അത്തരം വൈപരീത്യങ്ങൾ യോഹന്നാനെ അലോസരപ്പെടുത്തിയിരുന്നില്ല, അവ നമ്മെയും ആകുലപ്പെടുത്തരുത്.[42] “അപ്പൊസ്തലൻ വിശദാംശങ്ങളുടെ സ്ഥിരത കണക്കാക്കാതെ, അലങ്കാരങ്ങളുയർത്തി ആഗ്രഹിക്കുന്ന ഫലം പുറപ്പെടുവിക്കുന്നതിലാണ് ശ്രദ്ധിച്ചത്.”[43] ലിയോൺ മോറിസ് ഇതിനെ കുറിച്ച് ഉചിതമായ പരാമർശം നടത്തിയിരിക്കുന്നു: ... ഇത് ഒരു പദ്യമനോഭാവത്തോടെ എടുക്കുന്നതിനുപകരം, വിദ്യാഡംഭിയായ ശാസ്ത്രശകലമായി എടുക്കുന്നത് വലിയ തെറ്റായിരിക്കും. അവൻ വ്യക്തമായ ചിത്രം നൽകുന്നതിനാൽ, നിസാരമായ വിശദാംശങ്ങൾ ഉടനെ യോജിക്കാത്തത് കാര്യമാക്കുവാനില്ല ...”.[44]

പ്രപഞ്ചം *മുഴുവൻ* ബാധിച്ചു എന്നതാണ് പോയിന്റ്. നമ്മുടെ ഭൂമിയിലെ ജീവനും ഊർജത്തിനും പ്രാഥമികമായി സൂര്യൻ വേണം. സൂര്യന്റെ തീവ്രത കൂടുകയോ കുറയുകയോ ചെയ്യുന്നത് ഈ ഗൃഹത്തിലെ നമ്മുടെ ജീവിതത്തെ നശിപ്പിക്കും. ഈ അലങ്കാരത്തിലൂടെ പാപത്തിന്റെ ഗൗരവസ്വഭാവത്തെ ദൈവം ചൂണ്ടി കാണിക്കുകയും – മാനസാന്തരപ്പെടുവാൻ മുന്നറിയിക്കയുമാണ് ചെയ്യുന്നത്!

## പ്രപഞ്ച ദുരന്തത്തിൽകൂടെ - ദൈവം മനുഷ്യരെ മുന്നറിയിക്കുന്നു

ആദ്യത്തെ നാല് കാഹളങ്ങളെ കുറിച്ച് വ്യാഖ്യാതാക്കൾ അതിന്റെ ആഴമേറിയ ആലങ്കാരിക അർത്ഥം മനസിലാക്കുവാൻ കഠിന ശ്രമങ്ങൾ നടത്തിയിട്ടുണ്ട്. അവരിൽ ചിലരുടെ വിലയിരുത്തൽ വിലയുള്ളതായിരിക്കാം[45] – എന്നാൽ അവ അന്തരീക്ഷം, ഭൂമി, കടലിലെ വെള്ളം, കരയിലെ വെള്ളം എന്നിവയെ ബാധിച്ച പ്രകൃതി ദുരന്തങ്ങൾ ആയിരുന്നു എന്നു പറയുന്നതാവും സരക്ഷിതത്വം. കാട്ടുതീ, മണൽക്കാറ്റ്, ചുഴലിക്കാറ്റ്, കൊടുങ്കാറ്റ്, ജലപ്രളയം, ക്ഷാമം, മണ്ണിടിച്ചൽ, ഭൂകമ്പം, അഗ്നിപർവ്വതവിസ്ഫോടനം എന്നിവ അത്തരം ദുരന്തങ്ങളാണ്.

നാം ഊന്നൽ കൊടുത്ത ചിന്തയോടുകൂടെ ഈ ദുരന്തങ്ങളും നാം പരിഗണിക്കുമ്പോൾ – കാഹളങ്ങളുടെ പ്രാഥമികമായ ഉദ്ദേശം മനുഷ്യരെ മുന്നറിയിക്കുന്നതിനായിരുന്നു എന്നതിനോടൊപ്പം – നാം അതിശയിപ്പിക്കുന്ന ഒരു തീർപ്പിലുമെത്തും: മനുഷ്യരെ മാനസാന്തരപ്പെടുത്തുവാൻ ദൈവം പ്രകൃതി ദുരന്തങ്ങളെ ഉപയോഗിക്കും.

കഴിഞ്ഞ ശൈത്യകാലത്ത് ഒരു ശനിയാഴ്ച്ച രാത്രിയിലെ താപനില ആദ്യമായി വളരെ താഴ്ന്നതാണ് എനിക്ക് ഓർമ്മ വരുന്നത്. ആ ഞായറാഴ്ച്ച ആരാധനക്ക് വന്നവരിൽ ഭൂരിഭാഗം പേരെയും മഥിച്ച ഒന്നായിരുന്നു കാലാസ്ഥ – ഞങ്ങൾ ഞങ്ങളുടെ കൈകൾ ചൂടാക്കിക്കൊണ്ടിരുന്നപ്പോൾ, ഞങ്ങളുടെ മൂക്കുകൾ നീറിക്കൊണ്ടിരിക്കുകയും, പുറത്ത് ടണ്ണുകണക്കിന് ഇലകൾ പൊഴിഞ്ഞുകൊണ്ടിരിക്കുകയും ചെയ്തിരുന്നു. ഞങ്ങളധികം പേരും അന്ന് കാലാവസ്ഥയെ കുറിച്ചായിരുന്നു സംസാരിച്ചത്. ചിലർ അതിനെ കുറിച്ചു പ്രവചിക്കുവാനും തുടങ്ങി. എന്നാൽ കാലാവസ്ഥയിൽനിന്ന് അധികമാരും

ഒന്നും *പഠിക്കുന്നി*ല്ല.

കാലാവസ്ഥ രൂക്ഷമാകുമ്പോൾ, ദൈവം ചിലത് നമ്മെ *പഠിപ്പിക്കുവാൻ* ആഗ്രഹിക്കുന്നു എന്നതാണ് നമ്മുടെ വേദഭാഗം നൽകുന്ന സൂചന.[46] ഉദാഹരണമായി, അവൻ നമ്മെ പാപത്തിന്റെ ദൂര-വ്യാപകമായ ഫലത്തെ മനസിലാക്കിത്തരുവാൻ ആഗ്രഹിക്കുന്നു. ആദാം പാപം ചെയ്തപ്പോൾ, "നീ നിമിത്തം ഭൂമി ശപിക്കപ്പെട്ടിരിക്കുന്നു" എന്നാണ് പറഞ്ഞത് (ഉൽപത്തി 3:17). ആ ശാപം ഫലത്തിൽ, തുടർന്നുകൊണ്ടാണിരിക്കുന്നത്. ഈ പാഠത്തിലെ പ്രകൃതിയുടെ രീതി, നമ്മെ പഠിപ്പിക്കുന്നത്, നമുക്ക് ചുറ്റും ഭൂമിക്ക് മുകളിലും താഴെയും സംഭവിക്കുന്നത് പാപത്തിന്റെ അനന്തരഫലങ്ങളാണ്. ഹെയ്ലി എഴുതി, "മനുഷ്യന്റെ ഗുണത്തിനും ഉപയോഗത്തിനുമാണ് ദൈവം നല്ല ഭൂമി സൃഷ്ടിച്ചത്, അങ്ങനെ മനുഷ്യന് നിലനിൽക്കുവാനും കഴിയും. എന്നാൽ മനുഷ്യൻ ഭൂമിയെ ദുരുപയോഗിക്കുകയും, പാപത്തിന്റെ ഫലം ഇപ്പോൾ ഭൂമിയിൽ കാണപ്പെടുകയും ചെയ്തിരിക്കുന്നു; ഒരു ഭാഗം ഇപ്പോൾ ഒന്നിനും കൊള്ളാതെയും അവന്റെ ശത്രുവും ആയിരിക്കുന്നു."[47] നിങ്ങളിൽ ചിലർക്ക് പരിശോധിച്ചറിയാവുന്നതുപോലെ, പ്രകൃതി എപ്പോഴും ജീവന്റെ പ്രതിരോധകനായിരിക്കുകയില്ല; ചിലപ്പോൾ അത് ജീവനെ നശിപ്പിക്കും; പാപം സ്പർശിക്കുന്നതെല്ലാം അതിനാൽ പ്രതികൂലമായി ബാധിക്കപ്പെടും.

അതിനുപുറമെ, ഈ ലോകം നമ്മുടെ ഭവനമല്ല എന്നും ദൈവം നമ്മെ ഓർപ്പിക്കുന്നു. സൂര്യൻ പ്രകാശിക്കയും, ആകാശം നീലനിറത്തിൽ തന്നെ ആയിരിക്കയും, മന്ദമാരുതൻ വീശുകയും, പക്ഷികൾ പാടുകയും ചെയ്യുമ്പോൾ നാം ഇവിടെ എന്നേക്കും വസിക്കുവാൻ ആഗ്രഹിക്കുന്നു. പിന്നെ ആകാശം ഇരുണ്ടുപോകയും, ശക്തമായ കൊടുങ്കാറ്റും ചുഴലിക്കാറ്റും അടിക്കുമ്പോൾ ശരീരകഷണങ്ങൾ അങ്ങിങ്ങായി കാണപ്പെടുകയും ചെയ്യുമ്പോൾ നാം പറയും, "ഇവിടെ നാം അന്യന്മാരും പരദേശികളുമത്രെ" (എബ്രായർ 11:13). അപ്പോൾ നാം ശരിക്ക് മനസിലാക്കിക്കൊണ്ട് "ഈ ലോകം നമ്മുടെ ഭവനമല്ല" (ഞാൻ കടന്നുപോകുന്നവൻ മാത്രമാണ്).[48] അപ്പോൾ നമ്മുടെ ഉള്ളിൽ പറയും "കർത്താവിനോടുകൂടെ ഭവനത്തിലാകുവാൻ വാഞ്ഛിക്കുന്നു" (2 കൊരിന്ത്യർ 5:8).

എല്ലാറ്റിലുമുപരി, അവൻ മാത്രമാണ് നമ്മുടെ അഭയം എന്ന് നാം അറിയണമെന്ന് ദൈവം ആഗ്രഹിക്കുന്നു. ജീവിതം തങ്ങളുടെ നിയന്ത്രണത്തിലാണെന്ന് ആളുകൾ ചിലപ്പോൾ ധരിക്കും, എന്നാൽ അപ്പോൾ ആപത്ത് വരികയും സത്യം ബോധ്യമാക്കുകയും ചെയ്യും: അവരുടെ നിയന്ത്രണത്തി*ലല്ല*. നമ്മുടെ വേദഭാഗവും ഇന്നത്തെ തലവാചകവും ബോധ്യമാക്കുന്നത്, കരയിലും, കടലിലും, ആകാശത്തിലും എങ്ങും സുരക്ഷിതത്വമില്ല എന്നാണ്; പ്രപഞ്ചത്തിൽ എവിടെയും ദുരന്തം സംഭവിക്കാം. അതുകൊണ്ട്, "ദൈവം നമ്മുടെ സങ്കേതവും ബലവും ആകുന്നു. കഷ്ടങ്ങളിൽ അവൻ ഏറ്റവും അടുത്ത തുണയായിരിക്കുന്നു" എന്നത്, പ്രത്യേകതയുള്ളതാകുന്നു (സങ്കീർത്തനങ്ങൾ 46:1).

ലോകം മുഴുവൻ സംഭവിച്ചുകൊണ്ടിരിക്കുന്ന വിപത്തുകൾ വർത്തമാന പത്രങ്ങളുടെ തലവാചകത്തിൽ ഇടം നേടാറുണ്ട്; വാർത്താ മാസികകളിലും അവ വിശദമായി വരുന്നതു കാണാം; ടെലിവിഷൻ ചാനലുകളിലും വിപത്തുകളും അതിന്റെ അനന്തരഫലങ്ങളും പ്രദർശിപ്പിക്കുന്നത് നിങ്ങൾ കണ്ടിരിക്കുമല്ലോ. എങ്ങനെയായാലും, *ദൈവം* തന്റെ ശ്രദ്ധ ആകർഷിക്കുന്നതിന് അനുവദിക്കുന്നതാണ് അവ എന്ന് പലരും തിരിച്ചറിയുന്നില്ല എന്നതാണ് പരമാർത്ഥം.

എന്നെ തെറ്റിദ്ധരിക്കരുത്. റോമർ 2:4 പറയുന്നു, ദൈവത്തിന്റെ ദയ നിന്നെ മാനസാന്തരത്തിലേക്ക് നടത്തുന്നു. ആയിരക്കണക്കിന് വഴികളിൽ ദൈവം തന്റെ സ്നേഹം പ്രദർശിപ്പിക്കയും, ഒടുവിൽ അവൻ തന്റെ പുത്രനെ ആയക്കുകയും ചെയ്തു (യോഹന്നാൻ 3:16) – ഈ പ്രകടനങ്ങളോട് മനുഷ്യർ പ്രതികരിക്കണമെന്ന് ദൈവം ആഗ്രഹിച്ചു. അവന്റെ വിചാരപ്രദർശനങ്ങളെ ആളുകൾ അവഗണിക്കും, എന്നിരുന്നാലും, അവൻ വിട്ടുകളയുന്നില്ല. എല്ലാം പരാജയപ്പെടുമ്പോൾ, ആളുകളെ ആത്മിയ മന്ദതയിൽനിന്നുണർത്തുവാൻ അവൻ കുഴപ്പങ്ങളെ അയക്കും.

ദൈവം ചെയ്യുവാൻ ശ്രമിക്കുന്നത് പലപ്പോഴും മാതാപിതാക്കൾ ചെയ്യുന്നതാണ്: നമ്മുടെ കുട്ടികൾ ശരിയായി കാണുവാൻ നാം എല്ലാ സ്വാധീനവും ഉപയോഗിക്കും. അവർ ശരിയായ പാതയിൽ സഞ്ചരിക്കേണ്ടതിന് നാം അവരെ സ്നേഹം കാണിച്ചുകൊടുക്കും. അത് ചിലപ്പോൾ ഫലിക്കണമെന്നില്ല. അതുകൊണ്ട് തെറ്റ് ചെയ്താലുള്ള അനന്തരഫലത്തെ ദൈവവചനം മുഖാന്തരം നമ്മെ മുന്നറിയിക്കുന്നതുപോലെ, അവർക്ക് മുന്നറിയിച്ചുകൊടുക്കും. ചില സമയങ്ങളിൽ അതും മതിയാകാതെ വരും. പിന്നെ നാം കുട്ടികളെ അച്ചടക്കം വരുത്തും – അത് അവരെ വെറുക്കുന്നതുകൊണ്ടല്ല, മറിച്ച് അവർ നല്ല ഉത്തരവാദിത്വവും വിശ്വസ്തതയുമുള്ളക്രിസ്തീയ പൗരന്മാരായി വളരേണ്ടതിനാണ്. അതുപോലെ, “കർത്താവ് താൻ സ്നേഹിക്കുന്നവരെ ശിക്ഷിക്കുന്നു” (എബ്രായർ 12:6). മൈക്കിൾ വിൽക്കോക്കിന്റെ പരാമർശം എനിക്ക് ഇഷ്ടമാണ്: “ആളുകളെ സുബോധത്തിലേക്ക് വരുത്തുവാൻ ഒരിക്കൽ അവന്റെ തന്നെ തികവുള്ള ഭൂമിയെ നശിപ്പിക്കുവാൻ തുനിഞ്ഞ് അവന്റെ സകല ശക്തിയും ഉപയോഗിച്ചതുകൊണ്ട് ദൈവം ഒന്നും ചെയ്തില്ല എന്ന് ഒരിക്കലും പറയുവാൻ സാധ്യമല്ല.”[49]

വിപത്തിന് ദൈവം ഉദ്ദേശിക്കുന്ന ഫലമുണ്ടാകുന്നുണ്ടോ? ഞാൻ കുട്ടിയായിരുന്നപ്പോൾ, ഓക്ലഹോമയിൽ ഞങ്ങൾ താമസിച്ചിരുന്ന ലോൺ വോൾഫ് ടൗണിലേക്ക് ഒരു കൊടുങ്കാറ്റ് അടിച്ചുവരുന്നതു കണ്ടു. അത് സ്കൂൾ കെട്ടിടത്തിനു നേരെയായിരുന്നു പാഞ്ഞു വന്നത്, ആ കെട്ടിടം ടൗണിന്റെ അറ്റത്തായിരുന്നു. കൊടുങ്കാറ്റ് വരുന്നത് താമസിച്ചാണ് മനസിലാക്കിയത്, അതുകൊണ്ട് കുട്ടികളെ പെട്ടെന്ന് അദ്ധ്യാപകർ ഡെസ്കിന്റെ കീഴിലേക്ക് മാറ്റി. അവസാനനിമിഷം കൊടുങ്കാറ്റ് ടൗണിനു ചുറ്റും വീശുവാൻ തുടങ്ങി. പിന്നീട് ഒരു ചെറിയ പെൺകുട്ടി എന്റെ അമ്മയോട് (അവർ സ്കൂളിലെ അദ്ധ്യാപകരിൽ ഒരാളായിരുന്നു) പറഞ്ഞു, “അന്നാണ് ഞാൻ ആദ്യമായി പ്രാർത്ഥിച്ചത്.” അന്ന് പല പുതിയ ശബ്ദങ്ങളും ദൈവത്തിന്റെ കാതുകളിൽ വന്നലച്ചു കാണുമെന്നാണ് ഞാൻ കരുതുന്നത്.

ആപത്ത് വരുമ്പോൾ ആളുകൾ ദൈവത്തെ ഓർക്കുകയും എല്ലാം നേരെയായിത്തീരുമ്പോൾ വിരളമായി മാത്രം ഓർക്കുകയും, ചെയ്യുമെന്നാണ് എന്റെ നാൽപത്തിയഞ്ചു വർഷത്തെ അനുഭവത്തിൽനിന്ന് മനസിലാക്കുവാൻ കഴിഞ്ഞത്. ഞാൻ ഓക്ലഹോമയിലെ മിഡ്വെസ്റ്റ് സിറ്റിയിൽ ശുശ്രൂഷകനായിരുന്നപ്പോൾ അവിടത്തെ സഭാമന്ദിരം കത്തിയപ്പോൾ അംഗങ്ങളെല്ലാം അത്യുൽസാഹവും വളരെ താല്പര്യവും കാണിച്ചു. മനുഷ്യസ്വഭാവം പ്രത്യേകിച്ച് പറയേണ്ട ആവശ്യമില്ല, എന്നാൽ അത് വാസ്തവമാണ് – കർത്താവ് അത് തിരിച്ചറിയുകയും ചെയ്യും.

കാഹളങ്ങളുടെ ഉടനെയുള്ള സന്ദേശം, റോമിനെ ഉണർത്തുവാനും,

ദുഷ്ടനായ ചക്രവർത്തിയെ മാനസാന്തരത്തിലേക്ക് നയിക്കുന്നതിനുമായിരുന്നു, എന്നാൽ പ്രായോഗികത, എല്ലാ കാലത്തും സഭയിലായാലും പുറത്തായാലും പാപികൾക്കുള്ളതാണ്.

അറിയപ്പെടുന്ന ഒരു നവോത്ഥാന ഉപദേഷ്ടാവായിരുന്നു ബില്ലി സൺഡേ. അദ്ദേഹത്തിന് പുതിയ പട്ടണത്തിൽ പോയി പ്രവർത്തിക്കുവാനുള്ള അവസരം ലഭിച്ചപ്പോൾ, ആ പട്ടണത്തിന്റെ ഭരണതലത്തിലുള്ള ഒരു നേതാവിനോട് ആത്മിയ സഹായം ആവശുമുള്ളവരുടെ ഒരു ലിസ്റ്റ് എഴുതി ആവശ്യപ്പെട്ടു. ന്യുയോർക്ക് പട്ടണത്തിലെ മേയറോടാണ് ആവശ്യപ്പെട്ടത്. അദ്ദേഹം പട്ടണത്തിലെ ടെലഫോൺ ഡയറക്ടറി അയച്ചുകൊടുത്തു. കർത്താവിൽനിന്നുള്ള ഉണരു-വാനുള്ള വിളി ആവശ്യമുള്ള ആളുകളുടെ ലിസ്റ്റ് എടുത്താൽ, ഒരുപക്ഷെ നമ്മുടെ എല്ലാം പേരുകൾ അതിൽ കാണും.

കാഹളങ്ങളിൽ നിങ്ങൾക്കും എനിക്കും ആവശ്യമായ ഒരു സന്ദേശമുണ്ട്. കുഴപ്പങ്ങൾ എന്നെ മുട്ടിന്മേൽ നിൽക്കുമാറാക്കും. അപ്പോൾ ഞാൻ ആഗ്രഹിക്കുന്ന സ്ഥാനത്തായിരിക്കും. ഞാൻ അവനോട് “ദൈവമെ പാപിയായ എന്നോട് കരുണയുണ്ടാകേണമേ” എന്ന് നിലവിളിക്കേണ്ട യഥാർത്ഥ സ്ഥാനത്തായിരിക്കും (ലൂക്കൊസ് 18:13; കെജെവി).

**ഉപസംഹാരം (8:13)**

യോഹന്നാൻ ആദ്യത്തെ നാല് കാഹളങ്ങൾ ഊതുന്ന ശബ്ദം കേട്ടശേഷം, “ഒരു കഴുക്[50] ഇനി കാഹളം ഊതുവാനുള്ള മൂന്നു ദൂതന്മാരുടെ കാഹളനാദം ഹേതുവായി ഭൂവാസികൾക്ക്[51] ‘കഷ്ടം, കഷ്ടം, കഷ്ടം[52] എന്ന് ഉറക്കെ പറഞ്ഞുകൊണ്ട് ആകാശമദ്ധ്യേ പറക്കുകയും ചെയ്യുന്നത് കാൺകയും കേൾക്കയും ചെയ്തു!’ ” (വാ. 13). മൂന്നു കഷ്ടങ്ങൾ അവസാനത്തെ മൂന്നു കാഹളങ്ങളെയാണ് സൂചിപ്പിക്കുന്നത് (9:12; 11:14 നോക്കുക). ആദ്യത്തെ നാല് കാഹളങ്ങളും നശിപ്പിക്കുന്നവയായിരുന്നുവെങ്കിലും, ഏറ്റവും മോശമായത് വരുവാനിരിക്കുന്നേയുള്ളു!

ഏഴ് കാഹളങ്ങളെ കുറിച്ചുള്ള നമ്മുടെ പാഠം അടുത്ത പാഠത്തിലും തുടരും, എന്നാൽ ഇപ്പോൾ വ്യക്തിപരമായ പ്രായോഗികത വരുത്തുവാൻ അപേക്ഷിക്കുകയാണ്. അടുത്ത സമയത്ത് കർത്താവ് നിങ്ങളെ ഉണർത്തുവാൻ കാഹളം ഊതിയിട്ടുണ്ടോ? അങ്ങനെയെങ്കിൽ, അവന്റെ വിളി കേൾക്കാതിരിക്കുവാൻ നിങ്ങളുടെ ചെവി[53] അടച്ചുപിടിക്കരുത് എന്നാണെന്റെ പ്രാർത്ഥന. നിങ്ങൾ മാനസാന്തരപ്പെട്ട് സ്നാനമേൽക്കുവാൻ ആഗ്രഹിക്കുന്നുവെങ്കിൽ (പ്രവൃത്തികൾ 2:38) ഇപ്പോൾ തന്നെ ചെയ്യുക. നിങ്ങൾ മാനസാന്തരപ്പെട്ട് പ്രാർത്ഥിക്കുവാൻ ആഗ്രഹിക്കുന്നുവെങ്കിൽ (പ്രവൃത്തികൾ 8:22), ഇപ്പോഴാകുന്നു അതിനുള്ള സമയം. സർദ്ദീസിലെ സഭയ്ക്ക് അവൻ കൊടുത്ത മുന്നറിയിപ്പ് ഓർക്കുക:

> ഉണർന്നുകൊൾക, ചാവാറായ ശേഷിപ്പുകളെ ശക്തീകരിക്ക ... നീ ... ഉണരാതിരുന്നാൽ, ഞാൻ കള്ളനെപോലെ വരും, ഏത് നാഴികക്ക് നിന്റെ മേൽ വരുമെന്ന് നീ അറിയുകയുമില്ല (3:2, 3; കൂടാതെ റോമർ 13:11; എഫെസ്യർ 5:14; 1 തെസലൊനിക്യർ 5:6 ഉം നോക്കുക).

## പ്രാസംഗികന്മാർക്കും ഉപദേഷ്ടാക്കന്മാർക്കുമുള്ള കുറിപ്പുകൾ

വേദഭാഗത്തുള്ള ഓരോ കാഹളത്തെയും കുറിച്ച് "കാഹളങ്ങൾ മുന്നറിയിക്കുന്നത്" എന്ന ചാർട്ടിൽ ചുരുക്കമായി പ്രതിപാദിച്ചിരിക്കുന്നു. ആദ്യകോളത്തിൽ ആദ്യത്തെ ആറു കാഹളങ്ങളെ ചുരുക്കി പറഞ്ഞിരിക്കുന്നു. രണ്ടാമത്തെ കോളം ആദ്യത്തെ ആറു കാഹളങ്ങളുടെ *പൊതുവായ പ്രായോഗികതയാണ്* നൽകുന്നത്. കാഹളങ്ങൾ എങ്ങനെ റോമിന് പ്രത്യേകതയുള്ളതാണെന്ന് കാണിക്കുന്നതാണ് മൂന്നാമത്തെ കോളം. കാഹളങ്ങൾ എല്ലായിടത്തുമുള്ള ജനങ്ങളെ എങ്ങനെ ബാധിക്കുന്നു എന്ന് കാണിച്ചിരിക്കയാണ് നാലാമത്തെ കോളത്തിൽ. നിങ്ങൾ കാഹളങ്ങളെ കുറിച്ച് പഠിപ്പിക്കുമ്പോൾ, വേണമെങ്കിൽ ഈ ചാർട്ട് വലുതാക്കി നിങ്ങളുടെ ക്ലാസ് തീരുന്നതുവരെ പ്രദർശിപ്പിക്കാം. സമയാസമയങ്ങളിൽ നിർത്തി ആ ചാർട്ട് ആവർത്തിക്കുന്നത് നന്നായിരിക്കും.

കാഹളങ്ങളുടെ പാഠത്തിന് വേറൊരു തലവാചകം കൊടുക്കാവുന്നത്, "പ്രകൃതി പരാജയപ്പെടുമ്പോൾ". (വിചിത്രമായ തലവാചകമാണ് നിങ്ങൾക്ക് താൽപര്യമെങ്കിൽ "പ്രകൃതി നിങ്ങളെ വിഴുങ്ങുമ്പോൾ" എന്ന് കൊടുക്കാം.) ഏഴ് കാഹളങ്ങളെയും ഉൾപ്പെടുത്തിക്കൊണ്ട് "ദൈവത്തിന്റെ കാഹളങ്ങൾ" എന്നും തലവാചകം കൊടുക്കാവുന്നതാണ്. എല്ലാ കാഹളങ്ങളെയും ഉൾപ്പെടുത്തിക്കൊണ്ടുള്ള മറ്റു തലവാചകങ്ങൾ, ഭൂമിയിൽ തീ (ഹാരോൾഡ് ഹാസെലിപ്) മാനസാന്തരപ്പെടാത്ത മനുഷ്യർക്കുള്ള ആപത്ത് (എഡ്വേർഡ് മക്ഡവൽ).

## കാഹളങ്ങൾ മുന്നറിയിപ്പിനുള്ളതാണ്!

| ആദ്യത്തെ ആറ് കാഹളങ്ങൾ | പാപത്തിന്റെ ഫലം | റോമിനുള്ള ഒരു മുന്നറിയിപ്പ് | എല്ലാ പാപികൾക്കുമുള്ള മുന്നറിയിപ്പ് |
|---|---|---|---|
| ഒന്നുമുതൽ നാല് വരെ. ഭൂമിയിലും സമുദ്രത്തിലും, കരയിലെ വെള്ളത്തിലുംപ്രപഞ്ചത്തിലുമുള്ള ആപത്ത് | പ്രപഞ്ചത്തിൽ പാപത്തിന്റെ ഫലം; (പ്രപഞ്ചം മുഴുവനും ആ ബാധ ബാധിച്ചില്ല.) | പ്രകൃതി ദുരന്തങ്ങൾ | ഈ ലോകം നമ്മുടെ ഭവനമല്ല! |
| അഞ്ചാമത്തേത്. വെട്ടുക്കിളികൾ ഉപദ്രവിച്ചു - എന്നാൽ കൊല്ലുന്നില്ല | പാപത്തിന്റെ ഫലം വ്യക്തികളിൽ (ആത്മികവും ധാർമ്മീകവുമായ അധപതനം) | ആഭ്യന്തര അധപതനം | പാപികളുടെ വഴി പ്രയാസമുള്ളതാകുന്നു! |
| ആറാമത്തേത്. ദൂതന്മാർ / നശിപ്പിക്കുന്ന സൈന്യം | പാപത്തിന്റെ ഫലം മററുള്ളവരിൽ (യുദ്ധത്തിന്റെ കുഴപ്പം സൂചിപ്പിച്ചതുപോലെ) | ബാഹ്യമായ ആക്രമണം | പാപത്തിന്റെ ഫലങ്ങൾ ഭയങ്കരവും ദൂര-വ്യാപകവുമാണ്! |

**ഏഴാമത്തെ (അവസാന) കാഹളം ഊതുന്നതുവരെ കാത്തിരിക്കരുത്! ഇപ്പോൾ തന്നെ മാനസാന്തരപ്പെടുക!**

കുറിപ്പുകൾ

[1]"അവർ ഊതുവാൻ ഒരുങ്ങി" എന്നത് അർത്ഥമാക്കുന്നത്, ദൂതന്മാർ അവരുടെ കാഹളങ്ങൾ ഉയർത്തി ചുണ്ടിൽ വെക്കുന്നതാകാം. അത് ഒരുപക്ഷെ നാടകീയ ഉൽക്കണ്ഠ ജനിപ്പിക്കുന്നതായിരിക്കാം. [2]ഏനോക് 20:7 ഉം ടോബിറ്റ് 12:15 ഉം ആണ് രണ്ടു പ്രധാന വാക്യങ്ങൾ. അവ പ്രധാന ദൂതന്മാരുടെ പേരുകളാണ് കാണിക്കുന്നത്. ഏഴിൽ, മിഖായേൽ, ഗബ്രിയേൽ എന്നീ രണ്ടു പേരുകളാണ് തിരുവെഴുത്തിലുള്ളത് (ദാനിയേൽ 8:16; 9:21; 10:13, 21; 12:1; ലൂക്കൊസ് 1:26; യൂദാ 9; വെളിപ്പാട് 12:7). ഏനോക്കും ടോബിനും ദൈവശ്വാസിയമല്ലാത്ത പുസ്തകങ്ങളാണ്, അല്ലാതെ കർത്താവിൽനിന്നുള്ള വെളിപ്പാടല്ല. [3]"ഏഴ് ദൂതന്മാർ" എന്ന പ്രയോഗത്തിന് മുൻപ് ഡെഫനിറ്റ് ആർട്ടിക്കിൾ "ദ" ഉപയോഗിച്ചിരിക്കുന്നതിൽ ചിലർ പ്രാധാന്യം കാണുന്നു, എന്നാൽ വെളിപ്പാടിൽ അത് അസാധാരണമല്ല. ഏഴ് സഭകളുടെ ദൂതന്മാരെ/സന്ദേശവാഹകരെ ഓരോരുത്തരെ കുറിച്ച് പറയുമ്പോഴും ഡെഫനിറ്റ് ആർട്ടിക്കിൾ ഉപയോഗിച്ചിട്ടുണ്ട്. (ഉദാഹരണത്തിന് 2:1 നോക്കുക), കലശങ്ങൾ പകർന്ന ഏഴ് ദുതന്മാരെ കുറിച്ചു പറഞ്ഞതും അതുപോലെ തന്നെയാണ് (16:3 നോക്കുക) ചിലപ്പോൾ വ്യക്തിളായ ദൂതന്മാരിൽ ഒരാളെ കുറിച്ച് പറയുമ്പോഴും "ദ ഏഞ്ചൽ" എന്ന് പറഞ്ഞിട്ടുണ്ട് (8:5 നോക്കുക). [4]ദൈവത്തിന്റെ മുമ്പിൽ എന്നതിനെ കുറിച്ച് അറിയുവാൻ നോക്കുക, 1:4; 4:5, 10; 5:8; 7:9, 11, 15; 11:4, 16; 14:3; 15:4. [5]കാഹളത്തോടുകൂടി കാഹളാഘോഷം സൂചിപ്പിക്കുന്നത് ഒരു വ്യക്തിയുടേയോ സംഭവത്തിന്റെയോ പ്രാധാന്യത്തെയാണെന്ന് പലരും പറയുന്നുണ്ട്. ക്രിസ്തീയാരാധനയിൽ സുഗന്ധവർഗയാഗം അർപ്പിക്കുന്നതിനെ ന്യയീകരിക്കാൻ സാധ്യമല്ലാത്തതുപോലെ കാഹളനാദവും നീതീകരിക്കാവുന്നതല്ല, അവ ആലങ്കാരികം മാത്രമാണ്. വെളിപ്പാട് (*വെളിപ്പാട്, 2* എന്ന പുസ്തകത്തിലുള്ള "ക്രിസ്ത്യാനികൾ പ്രാർത്ഥിക്കുമ്പോൾ" എന്ന പാഠത്തിലെ, 8:3 ന്റെ കുറിപ്പുകളും "കുഞ്ഞാടാണ് യോഗ്യൻ" എന്ന പാഠത്തിലെ 5:8 ന്റെ കുറിപ്പുകളും നോക്കുക). [6]വെളിപ്പാട് 8 മുതൽ 11 വരെ, തീർച്ചയായും, ഊന്നൽ ഭൗതികമായ വിപത്തുകളുടെ മുന്നറിയിപ്പല്ല, പിന്നെയോ ആത്മിയ വിപത്തുകളുടെ മുന്നറിയിപ്പാണ്. [7]കാഹളങ്ങൾ മുന്നറിയിക്കുന്നതിനാണെന്നുള്ളതിന്റെ പശ്ചാത്തലമായി, നി ങ്ങൾക്ക് വേണമെങ്കിൽ 3:10 അവലോകനം നടത്താം, അവിടെ പറഞ്ഞിരിക്കുന്നത്, "ലോകത്തിലൊക്കെയും" വരുവാനിരിക്കുന്ന "പരീക്ഷാ സമയത്തെ" കുറിച്ചാണ്. പരീക്ഷയുടെ ഒരുദ്ദേശം, "ഭൂമിയിൽ വസിക്കുന്നവരെ [അതായത് അവിശ്വാസികളെ] പരീക്ഷിക്കുവാൻ [അല്ലെങ്കിൽ പരിശോധിക്കുവാനാണ്]." *വെളിപ്പാട്* പുസ്തകം, *2* ലെ "അതിനുണ്ടായിരുന്നതുകൊണ്ട് ചെയ്യുവാൻ കഴിഞ്ഞ സഭ " എന്ന പാഠത്തിലെ 3:10 ന്റെ കുറിപ്പുകൾ നോക്കുക. [8]*വെളിപ്പാട്, 1* ലുള്ള, "ഇവിടെ ഇതാ സർപ്പം" എന്ന പാഠത്തിലെ വിഭജനങ്ങളുടെ കുറിപ്പുകൾ നോക്കുക. [9]ഹോമർ ഹെയ്‌ലി, *വെളിപ്പാട്* (ഗ്രാന്റ് റാപ്പിഡ്സ്, മൈക്ക്.: ബേക്കർ ബുക്ക് ഹൗസ്, 1979), 219. മുദ്ര പൊട്ടിച്ചപ്പോൾ, മഞ്ഞുനിറമുള്ള കുതിരപ്പുറത്തിരിക്കുന്നവന് (കെജെവി) "ഭൂമിയിലെ നാലി ലൊന്നിനെ" കൊല്ലുവാൻ അധികാരം കൊടുത്തു (6:8), *നാ ലിലൊ*-ന്നിനേക്കാൾ കൂടുതലാണ് *മൂന്നി-ലൊന്ന്.* [10]ജോർജ് എൽഡൺ ലാഡ്, *എ കമെന്ററി ഓൺ ദ റെവെലേഷൻ ഓഫ് ജോൺ* (ഗ്രാന്റ് റാപ്പിഡ്സ്, മൈക്ക്.: ഡബ്ലിയു എം. ബി. ഏർഡ്മാൻസ് പബ്ലിഷിങ്ങ് കമ്പനി., 1972), 124.

[11]ജീ. ബി. കെയേഡ്, *എ കമെന്ററി ഓൺ ദ റെവെലേഷൻ ഓഫ് സെന്റ് ജോൺ ദ ഡിവൈൻ* (ലൻ: ആഡം & ചാൾസ് ബ്ലാക്ക്, 1966), 112. [12]ഈ സമയത്ത് വേണമെങ്കിൽ, കാഹളങ്ങൾ മുന്നറിയിക്കുന്നതിനാണ് എന്ന ചാർട്ട് കാണിക്കാം

(പ്രാസംഗികന്മാർക്കും ഉപദേഷ്ടാക്കന്മാർക്കുമുള്ള കുറിപ്പുകൾ നോക്കുക.) [13]റേ സമ്മേഴ്സിന്റെ *കുഞ്ഞാടാണ് യോഗ്യൻ* നോക്കുക (നാഷ്വിലേ ബ്രോഡ്മാൻ പ്രസ്, 1951), 155. [14]ഇവക്ക് പുറമെ അഞ്ചാമത്തെ കാഹളം നമ്മെ വെട്ടുക്കിളി ബാധയാണ് ഓർപ്പിക്കുന്നത് (പുറപ്പാട് 10:1-20). എങ്ങനെയായാലും, സൂക്ഷിക്കുക, വെളിപ്പാടിൽ പത്തു ബാധകൾ പകർത്തുകയല്ല ചെയ്തിരിക്കുന്നത്. കുറച്ചു മാത്രമാണുള്ളത്, അത് "വ്യത്യാസ്തമായ" രീതിയിലാണ് പറഞ്ഞിരിക്കുന്നത്. അതുകൊണ്ട്, ബാധകളിൽ നിന്ന് ചില തീർപ്പുകൾ നമുക്ക് എടുക്കാമെങ്കിലും, വെളിപ്പാടിലെ അലങ്കാരങ്ങൾക്ക് പ്രത്യേകതയുണ്ട്. [15]*വെളിപ്പാട്, 1* ലെ "കർത്താവേ എത്രത്തോളം?" എന്ന പാഠം നോക്കുക. [16]യൂജിൻ എച്ച്. പീറ്റേഴ്സൺ, *റിവേഴ്സ്ഡ് തണ്ടർ* (സാൻഫ്രാൻസിസ്കോ: ഹാർപ്പർ കോളിൻസ് പബ്ലിഷേഴ്സ്, 1988), 98. [17]തീർച്ചയായും, ഫറവോൻ മാനസാന്തരപ്പെട്ടില്ല. യോഹന്നാന്റെ കാലത്തെ മിക്ക പാപികളും മാനസാന്തരപ്പെട്ടില്ല. ഇന്നും പാപികളിലധികവും മാനസാന്തരപ്പെടുകയില്ല - എന്നാൽ അത് പിന്നീട് ഊന്നി പറയുന്നതായിരിക്കും. [18]തീയും കൽമഴയും ആലങ്കാരികമായി പഴയനിയമത്തിലുടനീളം ഉപയോഗിച്ചിരിക്കുന്നത് ദൈവത്തിന്റെ ന്യായവിധിയാണ് കാണിക്കുന്നത് (ഉദാഹരണത്തിന്, ഇയ്യോബ് 38:22, 23; യെശയ്യാവ് 28:2, 17; 30:30, 31 നോക്കുക). [19]കൽമഴ യിസ്രായേല്യരെ ബാധിച്ചില്ല (പുറപ്പാട് 9:26), അതുപോലെ വിശ്വസ്തരായ ക്രിസ്ത്യാനികളെയും കാഹളങ്ങൾ ബാധിച്ചില്ല. [20]"വൃക്ഷങ്ങൾ" എന്നതിന് ഗ്രീക്കിൽ ഉപയോഗിച്ചിരിക്കുന്നതിനർത്ഥം "ഫല വൃക്ഷങ്ങളാണ്" (മത്തായി 7:17 ഉം യൂദാ 12 ഉം നോക്കുക).

[21]"എല്ലാ പച്ചപ്പുല്ലും വെന്തുപോയി" എന്ന് 8:7-ൽ പറഞ്ഞിട്ട്, 9:4-ൽ വെട്ടുക്കിളിയോട് "ഭൂമിയിലെ പുല്ലിന് കേടു വരുത്തരുത്" എന്ന് പറഞ്ഞിരിക്കുന്നതിനാൽ ചിലർ വിചാരപ്പെടുന്നു. ഭാവനയിൽ സ്ഥിരത പ്രാഥമികലക്ഷ്യമായിരുന്നില്ല എന്ന് ഓർക്കുക. അസ്ഥിരത ഉൾപ്പെട്ടിട്ടുമില്ല. ഒരുപക്ഷെ നാം മനസിലാക്കേണ്ടത് *മൂന്നാം ഭാഗത്തെ പുല്ലുകൾ ആണ് "വെന്തുപോയത്"* എന്നാണ്. [22]റൂബേൽ ഷെല്ലി, *ദ ലാമ്പ് ആന്റ് ദ എനിമീസ്: അണ്ടർസ്റ്റാൻഡിങ്ങ് ദ ബുക്ക് ഓഫ് റെവെലേഷൻ* (നാഷ്വിലേ: 20 യത്ത് സെഞ്ചുറി ക്രിസ്ത്യൻ ഫൗഷേൻ, 1983), 59. [23]സൂചിപ്പിച്ചത് ഒരുപക്ഷെ മദ്ധ്യധരണ്യാഴി ആയിരിക്കാം. [24]ഈ വിസ്ഫോടനം ഉണ്ടായത് ഏ. ഡി. 79 ലാണ്. വെളിപ്പാട് എഴുതിയത് ഏതാണ്ട് 95-97 ലാണെങ്കിൽ, വിസ്ഫോടനം ഉണ്ടായിട്ട് അധികവർഷമായിട്ടില്ല. വിസ്ഫോടനത്തിന്റെ ഒരു രേഖാ ചിത്രത്തിന്, സമ്മേഴ്സ്, 156 നോക്കുക. [25]അത്തരം ഒന്ന് യോഹന്നാൻ കണ്ടിരിക്കാൻ സാധ്യതയുള്ളത് തെയേയിലേത് ആയിരിക്കാം. പർവ്വതം പൊട്ടിത്തെറിച്ച് കടലിലേക്ക് എറിയുന്നത് സംബന്ധിച്ച് കൂടുതൽ മനസിലാക്കുവാൻ, നോക്കുക, ബർട്ടൻ കോഫ്മാൻ, *കമെന്ററി ഓൺ റെവെലേഷൻ* (ആസ്റ്റിൻ, ടെക്സ്: ഫേം ഫൗണ്ടഷേൻ പബ്ലിഷിങ്ങ് ഹൗസ്, 1979), 187. [26]വില്യം ബാർക്ലേ, *ദ റെവെലേഷൻ ഓൺ ജോൺ, വാല്യം. 2.* റെവ. എഡി., ദ ഡെയ്‌ലി സ്റ്റഡി ബൈബിൾ സീരീസ് (ഫിലദെൽഫിയ: വെസ്റ്റ് മിനിസ്റ്റർ പ്രസ്, 1976), 43. (എംഫസിസ് മൈൻ.) [27]ഒരു നാടകത്തിന് വേദിയിൽ വെക്കുന്ന ("വസ്തുവിനെ" ചുരുക്കി പറഞ്ഞിരിക്കുന്നതാണ്) "എ പ്രോപ്" എന്ന്. [28]മൂന്നാമത്തെ കലശം ഒഴിക്കുമ്പോൾ വീണ്ടും വെള്ളം രക്തമായി മാറുന്നതു നാം കാണും, എന്നാൽ അവിടെ പർവ്വതത്തെ കുറിച്ചൊന്നും പറയുന്നില്ല (16:3). മുഖ്യവിശദീകരണം പർവ്വതമല്ല, കടൽവെള്ളം രക്തമായി മാറുന്നതാണ്. [29]കടലിൽ സഞ്ചരിക്കുന്നതായി 1981 ജനുവരി 1 ന് റെജിസ്റ്റർ ചെയ്തിരുന്ന കപ്പലുകളുടെ എണ്ണം ഏതാണ്ട് 25,000 ആയിരുന്നു. അതിൽ 8,000 കപ്പലുകൾ നശിച്ചു പോകുന്നത് ഒന്ന് ഊഹിച്ചുനോക്കുക. [30]ലോകത്തിലെ മൊത്തം വിസ്തീർണ്ണത്തിൽ നാലിൽ-മൂന്നു ഭാഗം കടൽ കൈവശപ്പെടുത്തിയിരിക്കുകയാണ്. ആ മൂന്നു ഭാഗം

മാത്രമാണ് ആകെ കരയായിട്ടുള്ളത്. അത്രയും സ്ഥലം പ്രതികൂലമായി ബാധിച്ചാൽ, അത് വലിയ ഒരു ദുരന്തം തന്നെയായിരിക്കും!

[31]മുൻപ്, 6:13-ൽ നക്ഷത്രങ്ങളൊക്കെ ഭൂമിയിൽ വീഴുന്നതായി പറഞ്ഞിട്ട്, 9:1-ൽ വീണ്ടും നക്ഷത്രം വീഴുന്നതായി പറയുന്നതിൽ ചിലർ വ്യാകുലപ്പെടുന്നുണ്ട്. ഈ വസ്തുതകൾ ഓർമ്മിക്കുക: (1) ഇത് അലങ്കാരമാണ്, യഥാർത്ഥമല്ല. (യഥാർത്ഥ നക്ഷത്രം ഭൂമിയേക്കാൾ എത്രയോ മടങ്ങ് വലുതാകകൊണ്ട്, വീഴുക അസാധ്യമാണ്.) പുസ്തകത്തിൽ സ്ഥിരതക്ക് അനുബന്ധ പ്രാധാന്യം മാത്രമാണുള്ളത്. ഓരോ ഭാഗവും കുറെ അല്ലെങ്കിൽ കൂടുതലായി ഒന്ന് തുങ്ങുകയാണ്, അതുകൊണ്ട് "കഴിഞ്ഞ ഭാഗത്ത് നക്ഷത്രങ്ങൾ" വീഴുന്നതും ഈ ഭാഗത്ത് വീഴുന്നതുമായി ബന്ധമൊന്നുമില്ല. [32]മൂന്നിലൊന്ന് സസ്യങ്ങളു വൃക്ഷങ്ങളും (ഒന്നാമത്തെ കാഹളം ഊതിയപ്പോൾ) മൂന്നിലൊന്ന് കപ്പൽ ചേതവും സംഭവിച്ചപ്പോൾ (രണ്ടാമത്തെ കാഹളം ഊതിയപ്പോൾ) നശിച്ചപ്പോൾ, ആളുകൾ മരിച്ചിരിക്കാമെങ്കിലും, ഇപ്പോഴാണ് ആളുകൾ മരിക്കുന്നതായി പറഞ്ഞത് നാം, മുൻപ് ശ്രദ്ധിച്ചതുപോലെ ആ കാഹളങ്ങൾ ആളുകളെ ബാധിച്ചത് നേരിട്ടല്ല, *പരോക്ഷമായിട്ടായിരുന്നു*. വാക്യം 11-ൽ "മൂന്നിലൊന്ന്" മനുഷ്യർ മരിച്ചു എന്നല്ല പറഞ്ഞത്, പിന്നെയോ "മനുഷ്യരിൽ പലരും മരിച്ചു" എന്നാണ് പറഞ്ഞത്. പറഞ്ഞതു വെച്ചു നോക്കുമ്പോൾ ആളുകൾ മരിച്ചത് യാദൃശ്ചികമായിരുന്നു. [33]കെജെവിയിൽ യെശയ്യാവ് 14:12-ൽ "ലൂസിഫർ" എന്നാണ്. ആ വാക്ക് പിശാചിനെയല്ല ഉദ്ദേശിച്ചിരിക്കുന്നത്, പിന്നെയോ ബാബേൽ രാജാവിനെയാണ്. "ലൂസിഫർ" എന്നത് പിശാചിനുള്ള ബൈബിൾ പേരല്ല. [34]അദ്ധ്യായം 17 ലും 18 ലും റോമാ നഗരത്തെ ബാബേൽ എന്നാണ് വിളിച്ചിരിക്കുന്നത് (പ്രത്യേകിച്ച് 17:9, 18 നോക്കുക). [35]തുടർ-ചരിത്രകാഴ്ച്ചപ്പാട് സ്വീകരിച്ചിരിക്കുന്നവർ നക്ഷത്രം ചരിത്രത്തിലെ ഒരു നായകനായിട്ടാണ് കാണുന്നത്. പല ആയിരാമാണ്ട് വാഴ്ച്ചക്കാരും വിശ്വസിക്കുന്നത്, ഭയങ്കരവും, വ്യക്തിപരവും, ചരിത്രപരവുമായ "എതിർക്രിസ്തു" ആണെന്നാണ്. [36]സി. എസ്. ലൂയിസ്, അദ്ദേഹത്തിന്റെ പ്രസിദ്ധമായ *സ്ക്രൂ ലെറ്റേഴ്സ്* എന്ന പുസ്തകത്തിൽ വേംവുഡ് എന്ന പേർ പറഞ്ഞിട്ടുണ്ട്. (ന്യൂയോർക്ക്: മാക്മില്ലൻ പബ്ലിഷിങ്ങ് കമ്പനി., 1973). 9:1-11-ൽ പറഞ്ഞിരിക്കുന്ന നക്ഷത്രങ്ങളെ കുറിച്ചുള്ള പരാമർശനത്തിന് അടുത്ത പാഠം നോക്കുക. [37]ഈ അത്ഭുതം മാറയിൽ സംഭവിച്ചതിന്റെ നേരെ എതിരായിരുന്നു എന്ന് പല എഴുത്തുകാരും പറയുന്നുണ്ട്. മാറയിൽ വെച്ച് കൈപ്പുള്ള വെള്ളം മധുരമാക്കിത്തീർക്കുകയായിരുന്നു. (മാറാ എന്നാൽ "കൈപ്പ്") (പുറപ്പാട് 15:23-26). [38]കാഞ്ഞിരം എന്നത് തർജിമ ചെയ്തിരിക്കുന്ന ഗ്രീക്ക് വാക്ക് *അപ്സിന്തോൺ.* [39]*ദ സിമ്പിൾ ഇംഗ്ലീഷ് ബൈബിൾ, ഇന്റർനാഷ്ണൽ എഡിഷൻ* (ഡള്ളാസ്: ഇന്റർനാഷ്ണൽ ബൈബിൾ ഫൗണ്ടേഷൻ., 1980). [40]ഒന്നാം കാഹളത്തെ കുറിച്ച് ചർച്ച ചെയ്തപ്പോൾ നിങ്ങൾക്ക് വേണമെങ്കിൽ, വേർതിരിവില്ലാത്ത വൃക്ഷങ്ങളുടെ നാശത്തെയും, രണ്ടും മൂന്നു കാഹളങ്ങളെ ചർച്ച ചെയ്യുമ്പോൾ, വെള്ളത്തിനുണ്ടായ മാലിന്യത്തെ കുറിച്ചും പറയാം. നാലാം കാഹളം നമ്മെ ഓർപ്പിക്കുന്നത് വായു മാലിന്യത്തെയാണ്. പണ്ട്, കാര്യവിചാരകന്മാരായി ജോലി ചെയ്യേണ്ടതിനായിരുന്നു മനുഷ്യരെ ആക്കിയത് (ഉൽപത്തി 1:28; 2:15), എന്നാൽ നാം ആ ജോലിയിൽ വിശ്വസ്തരായിരുന്നില്ല. ഒരു ദിവസം നാം നമ്മുടെ കാര്യനിർവ്വഹണത്തിന് കണക്ക് കൊടുക്കണം. (1 കൊരിന്ത്യർ 4:2 നോക്കുക.) ആത്മിക കാര്യനിർവ്വഹണത്തെ പോലെ ആത്ര പ്രാധാന്യമുള്ളതല്ല ഭൗതിക കാര്യനിർവ്വഹണം, എങ്കിലും പ്രാധാന്യമുള്ളതാണ്.

[41]മറ്റു പലതും അക്ഷരികമായിട്ടുള്ളതല്ല എന്ന് നാം കണ്ടു കഴിഞ്ഞു: രക്തം ആകാശത്തുനിന്നു വീഴുന്നില്ല; പർവ്വതങ്ങൾ കടലിലേക്ക് എറിയുന്നില്ല; നക്ഷത്രങ്ങൾ ഭൂമിയിലേക്ക് വീഴുന്നില്ല. അവസാനത്തേത് തർജിമ ചെയ്തിരിക്കുന്നത് "വീഴുന്ന

നക്ഷത്രം" അല്ലെങ്കിൽ "വെടിവെച്ചിടുന്ന നക്ഷത്രം" (മറ്റൊരുവിധത്തിൽ പറഞ്ഞാൽ ഭൂമിയുടെ പ്രതലത്തിലേക്ക് വീഴുന്ന ഒരു ഉൽക്കാശില), എന്നാൽ വീഴുന്ന നക്ഷത്രം *അക്ഷരികമല്ല*. [42]അസ്ഥിരത നീക്കം ചെയ്യുന്ന ഒരു തരം തർജിമയാണ് എസ്ഈബി. അതു പറയുന്നു, "പകലിൽ മൂന്നി-ലൊന്ന് മാത്രം പ്രകാശമുണ്ടായിരുന്നു. രാത്രിയിൽ മൂന്നിൽ രണ്ടു ഭാഗം ഇരുട്ടുമായിരുന്നു" - എന്നാൽ മൂലഭാഷയിലെ വാക്കുകൾ ഇതല്ല. [43]ഹെന്റി ബി. സ്വെറ്റ്, *ദ അപോകാലിപ്സ് ഓഫ് സെന്റ് ജോൺ* (കെയിംബ്രിഡ്ജ്: മാക്മില്ലൻ കമ്പനി., 1908 റീപ്രിന്റ്, ഗ്രാന്റ് റാപ്പിഡ്സ്, മൈക്ക്.: ഡബ്ലിയു എം. ബി. ഏർഡ്മാൻസ് പബ്ലിഷിങ്ങ് കമ്പനി., എൻ. ഡി.), 113. [44]ലിയോൺ മോറിസ്, *റെവെലേഷൻ,* റെവ. എഡി., ദ ടിൻഡേൽ ന്യൂടെസ്റ്റമെന്റ് കമെന്ററീസ് (ഗ്രാന്റ് റാപ്പിഡ്സ്, മൈക്ക്.: ഡബ്ലിയുഎം. ബി. ഏർഡ്മാൻസ് പബ്ലിഷിങ്ങ് കമ്പനി., 1987), 120. [45]പുസ്തകത്തിന്റെ ഉൾഘടനയിലും കുറിപ്പുകളിലും ചില തീർപ്പുകൾ ഞാൻ പറയുകയുണ്ടായി. പ്രത്യേകിച്ച്, ആ പഴയനിയമ അലങ്കാരത്തെ സംബന്ധിച്ച്, "കൽമഴയും തീയും ആകാശത്ത്നിന്ന് വീഴുന്നത് അണുവീഴ്ച്ച ആണ്" എന്നു തുടങ്ങിയവ വിചിത്രമെന്ന് പറയുവാൻ ഞാൻ മടിച്ചിട്ടില്ല. [46]അർക്കൻസാസിലെ ജുഡ്സോനിയയിൽ ഞാൻ ഈ പാഠം പഠിപ്പിച്ചപ്പോൾ, പ്രകൃതി ദുരന്തങ്ങളിൽകൂടെ എന്താണ് ദൈവം പഠിപ്പിക്കുന്നതെന്ന് ക്ലാസിൽ ചോദിച്ചിരുന്നു. പാഠത്തിൽ നൽകിയ ചിന്തകൾക്ക് പുറമെ അവർ താഴെ പറയുന്ന നിർദ്ദേശങ്ങൾ നൽകി: (1) നമുക്കുള്ള മുഴുവൻ *കൈവശാവകാശങ്ങളും* നമുക്ക് ആവശ്യമില്ല. (2) നാം അന്യോന്യം ആവശ്യമുള്ളവരാണ്. (3) ദൈവം മുഖപക്ഷം കാണിക്കുന്നവനല്ല. [47]ഹെയ്‌ലി, 219. [48]ആൽബർട്ട് ഈ. ബ്രുംലേ, ആർ., "ഈ ലോകം എന്റെ ഭവനമല്ല" *സോങ്ങ്സ് ഓഫ് ദ ചർച്ച്,* എഡി. ആൾട്ടൻ എച്ച്. ഹോവാർഡ് (വെസ്റ്റ് മോൺറോ ലാ.: ഹോവാർഡ് പബ്ലിഷിങ്ങ് കമ്പനി., 1977). [49]മൈക്കിൾ വിൽകോക്ക്, *ഐ സാ ഹെവെൻ ഓപ്പൻഡ്*: *ദ മെസേജ് ഓഫ് റെവെലേഷൻ,* ദ ബൈബിൾ സ്പീക്സ് ടുഡേ സീരീസ് (ഡൗണേഴ്സ് ഗ്രോ.: ഇന്റർവാഴ്സിറ്റി പ്രസ്, 1975), 95. [50]ഇവിടെ ചില തർജിമകളിൽ "ദൂതൻ" എന്നാണ്, പക്ഷെ കയ്യെഴുത്തുപ്രതികൾ യോജിക്കുന്നത് "കഴുക്" എന്നതിനോടാണ്. കഴുകിന്റെ ചിറകുകൾ ശക്തിയുള്ളതുകൊണ്ടും, അതൊരു ഇരതീനിപ്പക്ഷി ആയതുകൊണ്ടും, അതിന് "മദ്ധ്യാകാശത്തിൽ" പറക്കുവാൻ കഴിയുമായിരുന്നു. ഒന്നാം നൂറ്റാണ്ടിൽ അത് ഒരു അശുഭസൂചകമായ കാഴ്ച്ച ആയിരുന്നു. അമേരിക്കയിൽ അത് ഒരു ദേശിയ പക്ഷി ആണ്. അമേരിക്കയിൽ ആ പക്ഷിയെ ഞങ്ങൾ ആ വിധത്തിൽ കാണാറില്ല. അതിനാൽ അമേരിക്കൻ ഉപദേഷ്ടാക്കന്മാർ ആകാശത്തിൽ വട്ടമിട്ടു പറക്കുന്ന *വൾച്ചേഴ്സിനെ* ആണ് പറയാറുള്ളത്.

[51]"ഇംഗ്ലീഷ് വാക്ക് 'വോ' യിലും തത്തുല്യമായ ഗ്രീക്കിലും ... നശിപ്പിക്കുന്നതും ദുഃഖിപ്പിക്കുന്നതുമായ ശബ്ദമാണ്." (റോബർട്ട് മൗൺസ്, *ദ ബുക്ക് ഓഫ് റെവലേഷൻ*, ദ ന്യു ഇന്റർനാഷണൽ കമെന്ററി ഓൺ ദ ന്യൂടെസ്റ്റമെന്റ് സീരീസ് [ഗ്രാന്റ് റാപ്പിഡ്സ്, മൈക്ക്.: ഡബ്ലിയുഎം. ബി. ഏർഡ്മാൻസ് പബ്ലിഷിങ്ങ് കമ്പനി., 1977], 329). [52]വെളിപ്പാട് പുസ്തകത്തിൽ, ഭൂമിയിൽ വസിക്കുന്നവർ എന്നു പറഞ്ഞിരിക്കുന്നത് അ-ക്രൈസ്തവരെ ഉദ്ദേശിച്ചാണ് - അതായത്, അവിശ്വാസികളായ ആളുകൾ, തങ്ങളുടെ "ഇഷ്ടങ്ങ [ൾ]" "ഭൂമിയിൽ" വെച്ചിരിക്കുന്നവർ (കൊലൊസ്യർ 3:2; കെജെവി). [53]"കാഹളം ഊതൽ", "കാതുകളിൽ വിരൽ ഇടൽ" എന്നീ പ്രയോഗങ്ങൾ അലങ്കാര പ്രയോഗങ്ങളാണെന്ന് ഓർക്കുക.

## ചർച്ചക്കും അവലോകനത്തിനുമുള്ള ചോദ്യങ്ങൾ

1. അതിരാവിലെ ക്രൂരമായി വിളിച്ചെഴുന്നേൽപിക്കുന്നതിനെ കുറിച്ച് നിങ്ങൾക്ക് എന്തു തോന്നുന്നു? ആത്മിയമായി ഉണരുവാനുള്ള കർത്താവിന്റെ വിളി ആളുകൾ സന്തോഷത്തോടെ സ്വീകരിക്കുമോ?
2. ബൈബിളിൽ ഏതെല്ലാം വിധത്തിലാണ് കാഹളങ്ങൾ ഊതിയിരുന്നത്?
3. യെരീഹോവിൽ വിജയിച്ചപ്പോൾ കാഹളം ഊതിയതും (യോശുവ 6) പട്ടണവാതിൽ കാവൽക്കാർ കാഹളം ഊതിയിരുന്നതും (യെഹസ്ക്കേൽ 33:1–6) വിശദീകരിക്കുക.
4. കാഹളങ്ങൾ ഊതുന്നതിന്റെ ഉദ്ദേശങ്ങളിലൊന്ന് (ഒരു പക്ഷെ പ്രാഥമികമായ ഉദ്ദേശം) *മുന്നറിയിക്കുന്നതിന*ാണെന്നുള്ള കാരണ ങ്ങൾ എന്തെല്ലാം?
5. ആദ്യത്തെ നാല് കാഹളങ്ങളുമായി പുറപ്പാടിലെ പത്തു ബാധകളെ താരതമ്യം ചെയ്യുക. ഏതെല്ലാം വിധത്തിലാണ് അവ ഒരേ രീതിയിലായിരിക്കുന്നത്? ഏതെല്ലാം വിധത്തിലാണ് വ്യത്യസ്തമായിരിക്കുന്നത്?
6. പ്രകൃതിയുടെ ഏതെല്ലാം നാല് തരങ്ങളാണ് ഒന്നാം നൂറ്റാണ്ടിലുള്ളവർ അംഗീകരിച്ചിരുന്നത്? അവ എങ്ങനെ ആദ്യത്തെ നാല് കാഹളങ്ങളുമായി ബന്ധപ്പെട്ടിരിക്കുന്നു എന്നു വിവരിക്കുക.
7. ഒന്നാമത്തെ കാഹളം ഊതിയപ്പോൾ എന്തു സംഭവിച്ചു എന്നു പറയുക.
8. രണ്ടാമത്തെ കാഹളം ഊതിയപ്പോൾ എന്തു സംഭവിച്ചു എന്നു പറയുക.
9. മൂന്നാമത്തെ കാഹളം ഊതിയപ്പോൾ എന്തു സംഭവിച്ചു എന്നു പറയുക. എന്താണ് "കാഞ്ഞിരം"?
10. നാലാമത്തെ കാഹളം ഊതിയപ്പോൾ എന്തു സംഭവിച്ചു എന്നു പറയുക.
11. ദൈവം പ്രകൃതി ദുരന്തങ്ങളെ ഉപയോഗിച്ച് ആളുകളെ മുന്നറിയിക്കു ന്നത് ചർച്ച ചെയ്യുക.
12. പ്രകൃതിദുരന്തങ്ങളിൽ കൂടെ മൂന്നു കാര്യങ്ങൾ ദൈവം നമ്മെ പഠിപ്പി ക്കുന്നതായി പാഠം പറയുന്നു. അവ ഏതെല്ലാം? ദുരന്തങ്ങൾ വരുമ്പോ ൾ മറ്റെന്തെങ്കിലും ദൈവം നമ്മെ പഠിപ്പിക്കുന്നതായി നിങ്ങൾക്ക് ഊഹിക്കുവാൻ കഴിയുന്നുണ്ടോ?
13. *നിങ്ങൾ* ഏറ്റവും ഭയപ്പെട്ട ദുരന്തം എന്തായിരുന്നു?



**ഒരു ദൂതൻ കാഹളം ഊതുന്നു (8:2, 6)**



ഒന്നാമത്തെ കാഹളം ഊതി (8:7)



രണ്ടാമത്തെ കാഹളം ഊതി (8:8, 9)



മൂന്നാമത്തെ കാഹളം ഊതി (8:10, 11)



നാലാമത്തെ കാഹളം ഊതി (8:12)